# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.8/859/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 29/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.8/859/2022 തീയ്യതി: 29/06/2022

## തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 08-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 55 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 41 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 18-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 18-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ

ശ്രീ. പ്രവീൺ.എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ക്രിസ്റ്റി സൈമൺ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഉദ്യോഗസ്ഥ ഭരണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.ലൈജു.വി. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ഓമന ദേവദാസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലക്ഷ്മി ഭാസി | കൃഷി ഓഫീസർ | 01-04-2020 | 02-03-2021 |
| ശ്രീമതി സീമ.വി. | കൃഷി ഓഫീസർ | 03-03-2021 | 31-03-2021 |
| ഡോ. ഷിജു.എസ്.വി. | വെറ്റിനറി സർജൻ | 01-04-2020 | 12-07-2020 |
| ഡോ. കൃഷ്ണകുമാർ.എസ്. | വെറ്റിനറി സർജൻ | 13-07-2020 | 20-07-2020 |
| ഡോ. അനു.ജി. | വെറ്റിനറി സർജൻ | 21-07-2020 | 31-12-2020 |
| ഡോ. കൃഷ്ണകുമാർ.എസ്. | വെറ്റിനറി സർജൻ | 01-01-2021 | 07-02-2021 |
| ഡോ. ജസ്ന.എസ്. | വെറ്റിനറി സർജൻ | 08-02-2021 | 31-03-2021 |
| ഡോ. ഷ്യാംജി വോയിസ് | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. തങ്ക.ആർ. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. ഷമ്മി.എ. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി സ്മിത.വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 24-11-2020 |
| ശ്രീമതി അഞ്ജലീ ദേവി.സി.എ. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 25-11-2020 | 31-03-2021 |
| ശ്രീമതി ആശാരാജ്. വി.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 27-10-2020 |
| ശ്രീമതി സുജ.ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28-10-2020 | 22-11-2020 |
| ശ്രീ. ജോജോ സേവ്യർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23-11-2020 | 31-03-2021 |
| ശ്രീമതി ജ്യോതി ജയറാം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ഓമന ദേവദാസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ഗീത.ജി.ആർ. | എച്ച്.എം - എ.എം.എൽ.പി.എസ്. | 01-04-2020 | 31-03-2021 |
| ശ്രീമതി സുജ.വി. | അസിസ്റ്റൻ്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. പ്രഭുലാൽ.ആർ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. മുരളീധരൻ നായർ.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Manesh.B.H (Audit Officer, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-1 |
| 2 | ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Manesh.B.H (Audit Officer, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Manesh.B.H (Audit Officer, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-2 |
| 4 | വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Manesh.B.H (Audit Officer, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Manesh.B.H (Audit Officer, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-3 |
| 6 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 14-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 16-06-2022) | 1-4 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Manesh.B.H (Audit Officer, On 14-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-5 |
| 8 | വിവാഹ ധനസഹായം - ചെലവ് അക്കൌണ്ട് ചെയ്തതിലെ അപാകം<br>Written By: Manesh.B.H (Audit Officer, On 15-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-5-1 |
| 9 | മരണശേഷവും പെൻഷൻ നൽകി<br>Written By: Manesh.B.H (Audit Officer, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-5-2 |
| 10 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി<br>Written By: Manesh.B.H (Audit Officer, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-5-3 |
| 11 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 10-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-6 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 21-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-7 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sarath J Sankar (Auditor, On 15-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-8 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 14-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-9 |
| 15 | വസ്തു നികുതി - അപാകങ്ങൾ<br>Written By: Manesh.B.H (Audit Officer, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-10 |
| 16 | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-10-1 |
| 17 | ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു | 1-10-2 |

| | | |
|---|---|---|
| | Written By: Manesh.B.H (Audit Officer, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | |
| 18 | കെട്ടിടങ്ങളെ നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-10-3 |
| 19 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും, തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു<br>Written By: Sebin Sebastian (Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-11 |
| 20 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sebin Sebastian (Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-12 |
| 21 | ലേല നടപടികളിലെ അപാകങ്ങൾ<br>Written By: Sebin Sebastian (Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-13 |
| 22 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Sebin Sebastian (Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-14 |
| 23 | പ്രൊക്യൂർമെന്റ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Manesh.B.H (Audit Officer, On 14-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-15 |
| 24 | പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾ പ്രശംസാർഹം.<br>Written By: Manesh.B.H (Audit Officer, On 20-05-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 1-16 |
| 25 | ശമ്പള പരിഷ്കരണം - ഓഡിറ്റിന്റെ അംഗീകാരം വാങ്ങിയിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-17 |
| 26 | മഴക്കാല പൂർവ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Sebin Sebastian (Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-18 |
| 27 | തിമിംഗലത്തിന്റെ അവശിഷ്ടങ്ങൾ മറവ് ചെയ്തയിനത്തിൽ രണ്ട് പ്രാവശ്യം ചെലവ്<br>Written By: Sebin Sebastian (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 15-06-2022) | 1-19 |
| 28 | പത്രപ്പരസ്യം - സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: K Sreeja (Deputy Director, On 24-06-2022) | 1-20 |
| 29 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ --913628/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 1-21 |
| 30 | ജലജീവൻ മിഷൻ - വാട്ടർ കണക്ഷൻ നൽകിയവരുടെ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-22 |
| 31 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയില്ല – 3076359/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 1-23 |
| 32 | സോളാർ തെരുവ് വിളക്ക് അറ്റകുറ്റപ്പണി - രേഖകൾ ഹാജരാക്കിയിട്ടില്ല- 879300/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-24 |

| | | |
|---|---|---|
| 33 | തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയില്ല - 968800/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-25 |
| 34 | തെരുവ് വിളക്ക് - അറ്റകുറ്റപ്പണി രേഖകൾ ഹാജരാക്കിയിട്ടില്ല- 199000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 1-26 |
| 35 | കുടിവെള്ള വിതരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-27 |
| 36 | കുരുമുളക് കൃഷി വികസനം - രേഖകളുടെ സൂക്ഷിപ്പിൽ അപാകം<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-28 |
| 37 | ഫലവൃക്ഷതൈ വിതരണം -സ്ഥലത്തിന്റെ വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-29 |
| 38 | മൺചട്ടിയിൽ പച്ചക്കറികൃഷി - കൈപ്പറ്റ് രേഖകൾ കൃത്യമായും പരിപാലിക്കുന്നില്ല<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-30 |
| 39 | തെങ്ങ്കൃഷി വികസനം - അപേക്ഷകളുടെയും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പിൽ അപാകം<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-31 |
| 40 | കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ- മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-32 |
| 41 | പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകകൾ ക്രമീകരിക്കേണ്ടതാണ്<br>Written By: Praveen N.G (Asst. Audit Officer, On 19-05-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 1-33 |
| 42 | തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണം - ഫലപ്രാപ്തി ഉറപ്പാക്കണം<br>Written By: Praveen N.G (Asst. Audit Officer, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-34 |
| 43 | മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വ്യാപകമായി റിവൈസ് ചെയ്യുന്നു<br>Written By: Praveen N.G (Asst. Audit Officer, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-35 |
| 44 | ഓവർഹെഡ്സ് ചാർജ്ജ് നൽകുന്നത്-പഞ്ചായത്തിന് അധികചെലവ്<br>Written By: Praveen N.G (Asst. Audit Officer, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-36 |
| 45 | ടെണ്ടർ നടപടിക്രമങ്ങൾ പൂർണമായും പാലിക്കുന്നില്ല<br>Written By: Praveen N.G (Asst. Audit Officer, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-37 |
| 46 | 1,18,65,773/-രൂപ ചെലവാക്കിയ വാക്കം കുളം കുടിവെള്ള പദ്ധതി ഉപേക്ഷിച്ചു<br>Written By: Praveen N.G (Asst. Audit Officer, On 20-05-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 1-38 |
| 47 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - നിർവഹണത്തിലെ അപാകങ്ങൾ<br>Written By: Sebin Sebastian (Auditor, On 19-05-2022) | 1-39 |

| | | |
|---|---|---|
| | Last Updated By: Biji T (Computer Assistant, On 16-06-2022) | |
| 48 | ഫാർമസിസ്റ്റിന്റെ നിയമനം-വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Sebin Sebastian (Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 16-06-2022) | 1-40 |
| 49 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- തുക പൂർണമായും അനുവദിച്ചില്ല<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 16-06-2022) | 1-41 |
| 50 | അങ്കണവാടി പോഷകാഹാരം - സ്റ്റോക്ക് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-42 |
| 51 | അങ്കണവാടിക്ക് വാട്ടർ കണക്ഷൻ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 17-06-2022) | 1-43 |
| 52 | അങ്കണവാടി വെള്ളക്കരം ഇനത്തിൽ 487066/- രൂപയുടെ കുടിശ്ശിക<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-44 |
| 53 | അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-45 |
| 54 | ജാഗ്രത സമിതി - സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: Sarath J Sankar (Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-46 |
| 55 | കരിമീൻ കൃഷി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Manesh.B.H (Audit Officer, On 21-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-47 |
| 56 | വല വാങ്ങൽ – പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Manesh.B.H (Audit Officer, On 21-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 1-48 |
| | **ഭാഗം 2** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 21-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 2-1 |
| | **ഭാഗം 3** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 21-05-2022)<br>Last Updated By: Manesh.B.H (Audit Officer, On 21-05-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Manesh.B.H (Audit Officer, On 14-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 14-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 14-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Manesh.B.H (Audit Officer, On 14-05-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Manesh.B.H (Audit Officer, On 14-05-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: Biji T (Computer Assistant, On 16-06-2022) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Manesh.B.H (Audit Officer, On 14-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 14-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 14-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 21-05-2022)<br>Last Updated By: K Sreeja (Deputy Director, On 29-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 14-05-2022)<br>Last Updated By: Biji T (Computer Assistant, On 16-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 ലെ ബജറ്റ് ഭരണസമിതിയുടെ 1/26.03.2020-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രസ്തുത ബജറ്റിലെ പ്രതീക്ഷിത വരവ് ചെലവുകൾ മുൻവർഷത്തേയും തൻവർഷത്തേയും വരവ് ചെലവുകളുമായുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| | 2019-20 വാർഷിക കണക്ക് പ്രകാരം | 2020-21 ബജറ്റ് പ്രകാരം പ്രതീക്ഷിതം | 2020-21 വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 3829178 | 1514276 | 6622111 |
| വരവ് | 43481201 | 133460880 | 53780198 |
| ആകെ | 47310379 | 134975156 | 60402309 |
| ചെലവ് | 40688268 | 133943880 | 54661700 |
| നീക്കിയിരിപ്പ് | 6622111 | 1031276 | 5740609 |

ഭരണ സമിതിയുടെ 1(1)/20.02.2021-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ചേർക്കുന്നു.

### 1-1-1 ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1)ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 -ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ നടന്നിട്ടില്ല.

2)മേൽ ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്നും (ബജറ്റ് മാന്വൽ ഖണ്ഡിക 4-5) പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്നും ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിലും ജനറൽ കമ്മിറ്റി മിനിട്സിലും രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

3)ലഭ്യമാക്കിയ 2020-21 വർഷത്തെ ബജറ്റ് ഫയലിൽ ബജറ്റ് ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ടിട്ടില്ല. കൂടാതെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും ലഭ്യമാക്കിയിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

4)ബജറ്റ് വകയിരുത്തൽ - ചെലവ് സംബന്ധിച്ച അപാകതകൾ

2011-ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5)- ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/വകയിരുത്താതെ തുക ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലകളും - മറ്റ് വിളകൾ | 2501002 | 0 | 24960 |
| 2 | സേവന സംരംഭങ്ങൾ | 2503015 | 0 | 41548 |
| 3 | ഹെൽത്ത് സെന്ററുകൾ/ ആശുപത്രികൾ/ ഡിസ്പെൻസറികൾ | 2512001 | 0 | 7500 |
| 4 | തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം | 2521001 | 1370866 | 1667600 |
| 5 | നടപ്പാലങ്ങൾ | 2522005 | 0 | 620756 |

അപാകങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/13.05.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 14.05.2021 | - | - |

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ചേർക്കുന്നു.

## 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക

അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 17(2) പ്രകാരം, അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ സംബന്ധിച്ചും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും, തിരിച്ച് നൽകൽ/ കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട് പുസ്തകങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങളൊന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു ' ശൂന്യ പത്രിക' തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രിക B-14 ഷെഡ്യൂൾ പ്രകാരം Stock In Hand (Inventories) 0 ആണ്.

4)Grants, Funds & Contributions For Other Specific Purposes-ചെലവഴിക്കാതെ അവശേഷിക്കുന്ന തുക (B -4 Schedule)

2019-20ലെ നീക്കിയിരിപ്പ് തുകകൾ തന്നെയാണ് 2020-21 സാമ്പത്തിക വർഷത്തിലും വ്യത്യാസമില്ലാതെ അവശേഷിക്കുന്നത്.

| Code Number | Particulars | Amount |
|---|---|---|
| 320100115 | Centrally Sponsored Scheme -Total Sanitation Campaign (TSC) | 2808144 |
| 320200323 | Grant For Keralolsavam | 20000 |
| 320200399 | Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsore | 563299 |
| 320300103 | Grants, Funds & Contributions For Specific Purposes – Other Government Agencies – Total Sanitation | 7236 |
| 320500101 | Grants, Funds & Contributions For Specific Purposes – Welfare Bodies - Capital | 14247 |
| 320700205 | Contributions For Other Specific Purposes (For Revenue Expenditure) – From District Panchayats | 13841 |

5)സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

ജി.ഒ(പി) 07/17/ധന തീയതി 23.01.17 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്താത്ത പക്ഷം, പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം, ജോയിന്റ് അക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. എന്നാൽ, സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ തനതുഫണ്ടിൽ അവശേഷിക്കുന്നു.(B -4 Schedule)

| Code Number | Particulars | Amount |
|---|---|---|
| 320700204 | Contributions For Other Specific Purposes (For Revenue Expenditure) – From Block Panchayats | 1204484 |
| 320700205 | Contributions For Other Specific Purposes (For Revenue Expenditure) – From District Panchayats | 13841 |

6)Beneficiary Contribution ഇനത്തിൽ 821152/- രൂപ നീക്കിയിരിപ്പുണ്ട്.

7)Recoveries Payable – COVID എന്ന ഹെഡിൽ നീക്കിയിരിപ്പുള്ള 100162/- രൂപയുടെ വിശദാംശം ലഭ്യമാക്കിയില്ല..

8)ഗ്രാമപഞ്ചായത്തിലെ Fixed Assets-ന്റെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation മാറ്റമില്ലാതെ തൻവർഷവും ഉൾപ്പെടുത്തിയിരിക്കുന്നു.

9) 2019-20, 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം B-18 ഷെഡ്യൂളിൽ Advance To Implementing Agencies- Deposit With KSEB ഇനത്തിൽ 266050 രൂപ അവശേഷിക്കുന്നു.

10)ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ആകെ ക്യാഷ് ഫ്ലോയും (5740609) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (881502) പൊരുത്തപ്പെടുന്നില്ല.

11)ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം രേഖപ്പെടുത്തി എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, RP34 പ്രകാരം Deposits Received എന്ന ഇനത്തിൽ ലഭിച്ച 103498/- രൂപയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

12)മുൻകൂർ രജിസ്റ്ററിലും പൂർണവും വ്യക്തവുമായി വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
അപാകങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നമ്പർ 26 /16.05.2022, 53/19.05.2022) മറുപടി ലഭ്യമാക്കിയില്ല.

13)RP47 പ്രകാരം 20-21 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിക്കും കെ.എസ്.ഇ.ബിക്കും തുക നല്കിയിട്ടില്ല. ലഭ്യമാക്കിയ പ്രൊഫോമയിലും നിക്ഷേപ പ്രവൃത്തികൾക്കായി തുക നൽകിയിട്ടില്ലെന്ന് പരാമർശിച്ചിട്ടുണ്ട്.

നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | 2019-20 B18 പ്രകാരം | 2020-21 B18 പ്രകാരം | തൻവർഷ വിനിയോഗം |
|---|---|---|---|
| വാട്ടർ അതോറിറ്റി | 3581315 | 1025675 | 2555640 |
| കെ.എസ്.ഇ.ബി. | 266050 | 266050 | 0 |

വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ വിവരങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ, ആയതിന്റെ വിശദാംശം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 23/13.05.2022) 2021-22 വർഷം ലഭിച്ച 7 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി. 2020-21 വർഷം വിനിയോഗമില്ലാതെ ബാലൻസ് ഷീറ്റിൽ കുറവ് വന്നതിന് വ്യക്തമായ വിശദീകരണം ആവശ്യമാണ്.

14)<u>വിവാഹ ധനസഹായം - ചെലവ് അക്കൌണ്ട് ചെയ്തതിലെ അപാകം</u>

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിനായി ബിൽ നമ്പർ 21/20.05.2020, 32/14.10.2020 എന്നിവ പ്രകാരം 150000/-രൂപ ചെലവ് ചെയ്തിട്ടുണ്ട്.

വിവാഹ ധനസഹായ വിതരണം പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരവും 2020-21വർഷത്തെ ചെലവ് 150000/- രൂപയാണ്.

എന്നാൽ, വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-14(d)പ്രകാരം ചെലവ് 120000/- രൂപയാണ്. I-6ലും 120000/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

രണ്ടാമത്തെ അലോട്ട്മെന്റ് രേഖപ്പെടുത്തുന്നതിലുണ്ടായ പിശകാണ് വ്യത്യാസത്തിന് കാരണമായതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 02/10 .05.2022ന്റെ മറുപടി).

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16747349 | 16747349 | 16650505 | 96844 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2320745 | 2320745 | 1177174 | 1143571 |
| വികസനഫണ്ട് (CFC Tied) | 0 | 6970000 | 6970000 | 0 | 6970000 |
| വികസനഫണ്ട് (CFC Untied) | 0 | 15369179 | 15369179 | 8769088 | 6600091 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 6848000 | 6848000 | 3127475 | 3720525 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 5547318 | 5547318 | 4820678 | 726640 |
| CSS | 0 | 0 | 0 | 1103270 | (-)1103270 |

തൻവർഷത്തെ ക്യൂ ബില്ലിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക |
|---|---|
| വികസനഫണ്ട് (ജനറൽ) | 2632419 |
| വികസനഫണ്ട് (എസ്.സി.പി) | 397919 |
| വികസനഫണ്ട് (CFC Untied) | 5680955 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 858262 |

ഗ്രാന്റ് വിനിയോഗത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നിവയുടെ ചെലവ് ACR, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 16650505 | 15846654 | 803851 |
| വികസനഫണ്ട് (എസ്.സി.പി) | 1177174 | 1147919 | 29255 |

2)വികസനഫണ്ട് (CFC Tied) ലഭിച്ച തുക ചെലവഴിച്ചില്ല.

3)CSS ഫണ്ട് നീക്കിയിരിപ്പ് നെഗറ്റീവ്.

പ്രസ്തുത അപാകങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25 /16.05.2022) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാന്റ് - അധിക വിഹിതം

1)സ.ഉ.(കൈ) നം. 79/2021/ധന. തീയതി 15.07.2021 പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് മുൻ സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് (മുൻവർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20ശതമാനം വരെ) തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിരുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ അതതു വർഷം ചെലവഴിക്കാത്ത മുഴുവൻ തുകയും തൊട്ടടുത്ത വർഷം പുനരനുവദിക്കുന്നതാണ്.

ഇപ്രകാരം ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 41/18.05.2022ന്റെ മറുപടി)

| ഫണ്ട് | തുക |
|---|---|
| വികസന ഫണ്ട് - ജനറൽ | 1601495 |
| വികസന ഫണ്ട് - എസ്.സി.പി. | 470000 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 1369600 |
| മെയിന്റനൻസ് ഫണ്ട് - റോഡിതരം | 783322 |

| | |
|---|---|
| സി.എഫ്.സി. ടൈഡ് | 6970000 |
| സി.എഫ്.സി. ബേസിക് | 2295862 |

2)സ.ഉ(സാധാ) നം. 724/2020/തസ്വഭവ തീയതി 31.03.2020 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും ആ വർഷം പൂർത്തിയാക്കാൻ കഴിയാതിരുന്നതുമായ പ്രോജക്ടുകൾക്ക് 2020-21 വാർഷിക പദ്ധതിയിൽ ക്യാരി ഓവർ വിഹിതം അനുവദിച്ചിരുന്നു.

സ.ഉ(സാധാ) നം. 622/2021/തസ്വഭവ തീയതി 26.02.2021 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് പെന്റിംഗ് ബിൽ തുകയോ 2019-20 ലെ ബജറ്റ് വിഹിതത്തിന്റെ 25 ശതമാനമോ ഇവയിൽ ഏതാണോ കൂടുതൽ, അതിൽ പരിമിതപ്പെടുത്തി സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ക്യാരി ഓവർ വിഹിതം അനുവദിച്ചിരുന്നു.

ഗ്രാമപഞ്ചായത്തിന് ഇപ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ക്യാരി ഓവർ വിഹിതമായി സി.എഫ്.സി. ടൈഡ് 6970000/- രൂപയും സി.എഫ്.സി. ബേസിക് 2295862/- രൂപയും ലഭിച്ചതായി അറിയിച്ചിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

എ)പ്രോജക്ട് നിർവ്വഹണം

2020-21 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 13 | 13 | 0 | 100 | 2478400 | 2463360 | 99 |
| Ii | വെറ്റിനറി സർജൻ | 7 | 6 | 1 | 86 | 875500 | 602485 | 69 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 3 | 3 | 0 | 100 | 1805000 | 1760382 | 69 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2 | 0 | 100 | 175000 | 171893 | 98 |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 5 | 5 | 0 | 100 | 685000 | 683577 | 99 |
| Vi | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 8 | 5 | 3 | 63 | 3783374 | 3075802 | 81 |
| Vii | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | 6 | 5 | 55 | 17375710 | 2568041 | 15 |
| Viii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 6 | 6 | 50 | 4097250 | 2771591 | 68 |
| Ix | സെക്രട്ടറി | 32 | 23 | 9 | 72 | 23128345 | 12267131 | 53 |
| X | എച്ച്.എം. | 7 | 7 | 0 | 100 | 637225 | 444146 | 70 |
| Xi | അസിസ്റ്റന്റ് എഞ്ചിനീയർ | 52 | 34 | 18 | 65 | 17775684 | 8426151 | 47 |
| Xii | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 100 | 311582 | 311582 | 100 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 7 | 4 | 3 | 57 | 1113000 | 555387 | 50 |
| ആകെ | | 160 | 115 | 45 | 72 | 74241070 | 36101528 | 49 |

1) ആകെ വകയിരുത്തിയതിന്റെ 72 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2) എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അംഗീകാരം വാങ്ങിയ 11 പ്രോജക്ടുകളിൽ 6 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ആകെ വകയിരുത്തിയ ഫണ്ടിന്റെ 15 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

ബി) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 52 പ്രോജക്ടുകളിൽ 18 എണ്ണം നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 47 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

സി) അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവർ വകയിരുത്തിയ ഫണ്ട് യഥാക്രമം 50, 53 ശതമാനം എന്നിങ്ങനെയാണ് ചെലവഴിച്ചത്.

3) തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| I | SO184/21 | ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| Ii | SO109/21 | ഒന്നാം നമ്പർ അങ്കണവാടിക്ക് ഫർണിച്ചറും കളിക്കോപ്പും | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| Iii | SO171/21 | കാട്ടംതിട്ട കിഴക്കേറ്റം ഓട മെയിന്റനൻസ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| Iv | SO175/21 | 10-ാം വാർഡ് അങ്കണവാടി അറ്റകുറ്റപ്പണി | അസിസ്റ്റന്റ് എഞ്ചിനീയർ |
| V | SO161/21 | പണയിൽ ലക്ഷംവീട് ചക്രപാണി ഓട മെയിന്റനൻസ് വാർഡ് 4 | അസിസ്റ്റന്റ് എഞ്ചിനീയർ |
| Vi | SO163/21 | കൊഞ്ഞാൻതിട്ട കിഴക്കേയറ്റം ഓട നിർമ്മാണം 4 | അസിസ്റ്റന്റ് എഞ്ചിനീയർ |
| Vii | SO168/21 | പടിപ്പുര മണ്ണാംകുളം ജംഗ്ഷൻ നടപ്പാത ഇന്റർലോക്ക് | അസിസ്റ്റന്റ് എഞ്ചിനീയർ |
| Viii | SO170/21 | കായിക്കര കടവ് ടാർ റോഡ് മെയിന്റനൻസ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| Ix | SO181/21 | ഹരിത ചട്ടം പാലിക്കാനായി പഞ്ചായത്ത് ഓഫീസിലേക്ക് സ്റ്റീൽപാത്രങ്ങളും സൂക്ഷിക്കാനായി ഷെൽഫും | അസിസ്റ്റന്റ് സെക്രട്ടറി |

കോവിഡ് വ്യാപനമാണ് പദ്ധതി ചെലവിലെ കുറവിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 01/09.05.2022ന്റെ മറുപടി).

ബി)പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

I)2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചിരുന്നില്ല. ഭരണസമിതിയുടെ 1(1)/30.12.2019 -ാം നമ്പർ തീരുമാന പ്രകാരം നിലവിലെ ആസൂത്രണ സമിതിയെ നിലനിർത്തിയതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 06/11.05.2022ന്റെ മറുപടി).

Ii)2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിനായുള്ള ആസൂത്രണ സമിതിയുടെ യോഗം 10.01.2020ൽ സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത യോഗം മിനിട്സ് ചെയ്യാത്തതിനാൽ ക്രിയാത്മകമായ ചർച്ചകൾ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വികസന സെമിനാർ

2020-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാർ 12.02.2020ൽ നടന്നു. യോഗത്തിൽ പങ്കെടുത്തവർ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചകൾ നടത്തിയെന്ന് മാത്രമാണ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്. മത്സ്യബന്ധനം, പട്ടികജാതി വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ ഒരു യോഗം മാത്രമാണ് കൂടിയത്.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 06/11.05.2022ന്റെ മറുപടി) |
|---|---|---|---|---|
| I | മത്സ്യ ബന്ധനം | 10.01.2020 | I)മത്സ്യഭവൻ പുനരുദ്ധാരണവും വയറിംഗും നടപ്പാക്കണം<br>Ii)ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കണം | പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഭരണസമിതി 1(1)/12.10.2021-ാം നമ്പർ തീരുമാനപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. |
| Ii | കുടിവെള്ളം ശുചിത്വം | 12.02.2020 | വാക്കംകുളം കുടിവെള്ള പദ്ധതി | പദ്ധതി ഉപേക്ഷിച്ചു. |

സ്റ്റാറ്റസ് റിപ്പോർട്ട്

2020-21 വർഷത്തേക്ക് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കി അംഗീകരിച്ചിട്ടുള്ളതായി കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിച്ചതായും കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ പുതുക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്തില്ലായെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പരിഷ്കരിച്ചതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17280 | 24 |
| കർഷകതൊഴിലാളി പെൻഷൻ | 77500 | 5 |
| വിധവാപെൻഷൻ | 10961700 | 827 |
| വാർദ്ധക്യകാലപെൻഷൻ | 23246800 | 1788 |
| വികലാംഗപെൻഷൻ | 5260800 | 350 |
| വിവാഹധനസഹായം | 150000* | 5 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 433100 | 32 |

*വിവാഹ ധനസഹായം വിതരണം പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരവും 2020-21 വർഷത്തെ ചെലവ് 150000/- രൂപയാണ്.

എന്നാൽ, വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-14(d)പ്രകാരം ചെലവ് 120000/- രൂപയാണ്. I-6 ലും 120000/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ക്ഷേമ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപ ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5-1 വിവാഹ ധനസഹായം - ചെലവ് അക്കൌണ്ട് ചെയ്തതിലെ അപാകം

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിനായി ചുവടെ ചേർക്കും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|---|---|
| I | 21/20.05.2020 | 120000 | ഓമന | 30000 |
| | | | ടെൽമ ജോസഫ് | 30000 |
| | | | പനിയമ്മ ക്ലമന്റ് | 30000 |
| | | | ജസീന്ത ഏണസ്റ്റ് | 30000 |
| Ii | 32/14.10.2020 | 30000 | മേരി | 30000 |
| ആകെ | | 150000 | | 150000 |

വിവാഹ ധനസഹായ വിതരണം പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരവും 2020-21വർഷത്തെ ചെലവ് 150000/- രൂപയാണ്.

എന്നാൽ, വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-14(d)പ്രകാരം ചെലവ് 120000/- രൂപയാണ്. I-6ലും 120000/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

രണ്ടാമത്തെ അലോട്ട്മെന്റ് രേഖപ്പെടുത്തുന്നതിലുണ്ടായ പിശകാണ് വ്യത്യാസത്തിന് കാരണമായതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 02/10 .05.2022ന്റെ മറുപടി).

## 1-5-2 മരണശേഷവും പെൻഷൻ നൽകി

പഞ്ചായത്ത് ഹാജരാക്കിയ 2020-21 വർഷത്തെ മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി, ആധാർ നമ്പർ എന്നിവ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| എസ്.ഭുവനചന്ദ്രൻ (കരകുളം ഗ്രാമപഞ്ചായത്ത്) | 102660400128 | വികലാംഗ പെൻഷൻ | 13.03.20 | ആക്ടീവ് | 4/20 മുതൽ 9/20 വരെ | 6600 |
| ഇന്ദിര | 102410600553 | വിധവ പെൻഷൻ | 05.07.20 | സസ്പെൻഡ് | 8/20 മുതൽ 11/20 വരെ | 5500 |
| സുഗന്ധൻ | 102410202193 | വാർദ്ധക്യകാല പെൻഷൻ | 04.07.20 | സസ്പെൻഡ് | 8/20 മുതൽ 11/20 വരെ | 5500 |
| സൈറസ് | 102410200422 | വാർദ്ധക്യകാല പെൻഷൻ | 30.05.20 | സസ്പെൻഡ് | 6/20 മുതൽ 11/20 വരെ | 9000 |
| സെബാസ്റ്റ്യൻ | 102410201867 | വാർദ്ധക്യകാല പെൻഷൻ | 03.09.20 | സസ്പെൻഡ് | 10/20 മുതൽ 11/20 വരെ | 2800 |

| | | | | | | |
|---|---|---|---|---|---|---|
| രാധാമണി | 102410200796 | വാർദ്ധക്യകാല പെൻഷൻ | 25.10.20 | സസ്പെൻഡ് | 11/20 മുതൽ 12/20 വരെ | 2800 |
| രാജേന്ദ്രൻ | 102410400207 | വികലാംഗ പെൻഷൻ | 26.10.20 | സസ്പെൻഡ് | 11/20 | 1400 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർ കാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

സുഗന്ധൻ, സൈറസ് എന്നിവരുടെ പെൻഷൻ തുക തിരിച്ചടച്ചതായും (രേഖകൾ ഹാജരാക്കി) എസ്.ഭുവനചന്ദ്രൻ എന്ന ഗുണഭോക്താവിന്റെ പെൻഷൻ തുക തിരികെ ഈടാക്കാൻ കരകുളം ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 43/18.05.2022ന്റെ മറുപടി). ഇന്ദിര, രാധാമണി, രാജേന്ദ്രൻ, സെബാസ്റ്റ്യൻ എന്നീ ഗുണഭോക്താക്കൾ അധികമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിന് ബാങ്കുകൾക്ക് കത്ത് അയച്ചിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

തുടർനടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-5-3 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ എഡിപി-ടിവിഎം/711/2020-പിഎ2 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. അപ്രകാരം അനർഹമായി പെൻഷൻ കൈപ്പറ്റിയവരുടെയും സ്വീകരിച്ച നടപടിയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐ.ഡി. | പേര് | സ്വീകരിച്ച നടപടി (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 43/18.05.2022ന്റെ മറുപടി) |
|---|---|---|---|
| 1 | 102410201083 | ദശമി.കെ.പി. | തുക അടവാക്കിയിട്ടുണ്ട് |
| 2 | 102410201093 | സേതു | 16000 രൂപ ഒടുക്കിയിട്ടുണ്ട്. ബാക്കി തുക ഒടുക്കാമെന്ന് അറിയിച്ചിരിന്നുവെങ്കിലും നാളിതുവരെ ഒടുക്കിയിട്ടില്ല. |
| 3 | 102410201156 | വിലാസിനി | ട്രഷറിയിൽ പി.പി.ഒ വിവരങ്ങൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 4 | 102410201672 | ജ്യോർജിന | തുക അടവാക്കിയിട്ടുണ്ട് |
| 5 | 102410201775 | ബെനഡിക്ട | തുക അടവാക്കിയിട്ടുണ്ട് |
| 6 | 102410201924 | വിജയകുമാരി.വി. | തുക അടവാക്കിയിട്ടുണ്ട് |
| 7 | 102410201960 | ശോഭന | ട്രഷറിയിൽ പി.പി.ഒ വിവരങ്ങൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 8 | 102410400113 | ജെസ്സി.ഡി. | ട്രഷറിയിൽ പി.പി.ഒ വിവരങ്ങൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 9 | 102410400164 | സജീവ്.എസ്. | മരണപ്പെട്ടു. ട്രഷറിയിൽ പി.പി.ഒ വിവരങ്ങൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 10 | 102410600167 | ജയിൻ | തുക ഒടുക്കാമെന്ന് അറിയിച്ചിരിന്നുവെങ്കിലും നാളിതുവരെ ഒടുക്കിയിട്ടില്ല. |
| 11 | 102410600110 | സുധാകുമാരി | തുക അടവാക്കിയിട്ടുണ്ട് |
| 12 | 102410201303 | സാബു | ട്രഷറിയിൽ പി.പി.ഒ വിവരങ്ങൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 13 | 102410201707 | ബേബിസരോജം | തുക അടവാക്കിയിട്ടുണ്ട് |
| 14 | 102410201776 | ഗബ്രിയേല | തുക അടവാക്കിയിട്ടുണ്ട് |
| 15 | 102410201930 | പൊന്നമ്മ | ട്രഷറിയിൽ പി.പി.ഒ വിവരങ്ങൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 16 | 102410400264 | സുധാഭായ്.ആർ. | ട്രഷറിയിൽ പി.പി.ഒ വിവരങ്ങൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 17 | 102410400301 | സത്യകുമാർ | തുക അടവാക്കിയിട്ടുണ്ട് |
| 18 | 102410200940 | സരള | തുക അടവാക്കിയിട്ടുണ്ട് |

സർക്കാരിന്റെ 07/2020/ധന തീയതി 23.1.2020, 14/21/ധന 8.2.2021 എന്നീ സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഒടുക്കാൻ ബാക്കിയുള്ള തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.05.2022, 10.30AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2347/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നുണ്ട്. ISO സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് മാത്രമാണ് റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 20/13.05.2022)

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 01.08.2018ൽ പ്രസിദ്ധീകരിച്ച പൗരാവകാശരേഖയുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2020ൽ പൗരാവകാശരേഖ തയ്യാറാക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല.

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)ഗ്രാമപഞ്ചായത്തിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

5)ഫ്രണ്ട് ഓഫീസിൽ ആവശ്യത്തിന് ഇരിപ്പിടങ്ങൾ ഒരുക്കിയിട്ടുണ്ട്. എന്നാൽ കുടിവെള്ള സൗകര്യമില്ല. കുടിവെള്ള സൗകര്യം ഉടൻതന്നെ പുനസ്ഥാപിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പരിസരം ചോർന്നൊലിക്കുന്ന നിലയിലാണ്. ആയത് പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടന്നുവരികയാണ്.

6)ഓഡിറ്റിലെ കണ്ടെത്തലുകൾക്ക് വിശദീകരണം നൽകുന്നതിലും വിവരങ്ങൾ ലഭ്യമാക്കുന്നതിലും കുറച്ചുകൂടി ശ്രദ്ധ ആവശ്യമാണ്.

7)വിവാഹ ധനസഹായത്തിന്റെ ചെലവ് അക്കൗണ്ട് ചെയ്തതിലേതുൾപ്പെടെ വർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിൽ അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

8)പെൻഷൻ വിതരണത്തിലെ അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ ആവശ്യമാണ്.

9)സെക്രട്ടറിയുടെ നിർവ്വഹണത്തിലുള്ള പ്രോജക്ടുകളിൽ 6037087/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

10)കാർഷിക മേഖലയിലെ പ്രോജക്ടുകളുമായി ബന്ധപ്പെട്ടുള്ള രേഖകൾ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധയില്ല.

11)പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിയിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകകൾ ക്രമീകരിക്കേണ്ടതാണ്.

12)1,18,65,773/-രൂപ ചെലവാക്കിയ വാക്കം കുളം കുടിവെള്ള പദ്ധതി ഉപേക്ഷിച്ചതിന് വ്യക്തമായ വിശദീകരണം ആവശ്യമാണ്.

13)അങ്കണവാടി പോഷകാഹാരം - സ്റ്റോക്ക് വിവരങ്ങൾ പൊരുത്തപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭരണസമിതി ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 336789 | 1087693 | 1424482 | 1423469 | 1013 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24025459 | 24025459 | 24025459 | 0 |
| ആകെ | 336789 | 25113152 | 25449941 | 25448928 | 1013 |

എം.എൻ.ആർ.ഇ.ജി.എസ് - വിവിധ പ്രവൃത്തികളിലെ അപാകങ്ങൾ

2020-21 വർഷത്തെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ എം.എൻ.ആർ.ഇ .ജി എസ് മാസ്റ്റർ സർക്കുലർ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല. ഉദാഹരണമായി 2020-21 വർഷത്തെ ആദ്യ 5 ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I)

| | |
|---|---|
| വർക്ക് കോഡ് | 1614002001/RC/295819 |
| പ്രവൃത്തിയുടെ പേര് | തിട്ടയിൽ നടപ്പാത ഇന്റർ ലോക്കിംഗ് |
| എം.ബുക്ക് നമ്പർ | 98/20-21 |
| ചെലവ് തുക | 15127.48 |

അപാകങ്ങൾ

1)2020-21 വർഷത്തെ എം.എൻ.ആർ.ഇ.ജി എസ് മാസ്റ്റർ സർക്കുലർ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ പ്രവൃത്തി നടത്തിപ്പിലെ മൂന്ന് ഘട്ടങ്ങളിലെ ഫോട്ടോയും സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൈറ്റ് ഡയറിയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)11026-ാം നമ്പർ മസ്റ്റർ റോളിൽ 02.10.2020 മുതൽ 06.10.2020 വരെയുള്ള തീയതികളിൽ ശ്രീ. സൈനുലാബ്ദീൻ എന്ന തൊഴിലാളിയുടെ ഹാജരിൽ തിരുത്തൽ വരുത്തിയിട്ടുണ്ട്. കൂടാതെ, ശ്രീമതി റഷീദ ബീവി 01.10.2020 മുതൽ 06.10.2020 വരെ 6 ദിവസമാണ് തൊഴിൽ ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത തൊഴിലാളിക്ക് 7 ദിവസത്തെ വേതനം അനുവദിച്ചിട്ടുണ്ട് (7x1000=7000).

3)അനുബന്ധം 2 പ്രകാരമുള്ള ഫയൽ ട്രാക്കിംഗ് ഫോറത്തിൽ പ്രവൃത്തി തുടങ്ങിയ ദിവസം, പൂർത്തീകരിച്ച ദിവസം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, പ്രസ്തുത ഫോറം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 34/16.05.2022 ന് ലഭിച്ച മറുപടിയിൽ, മാസ്റ്റർ സർക്കുലർ പ്രകാരമുള്ള രേഖകൾ ഫയലിൽ സൂക്ഷിക്കുമെന്നും മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

II)

| | |
|---|---|
| വർക്ക് കോഡ് | 1614002001/IF/519130 |
| പ്രവൃത്തിയുടെ പേര് | കിഴക്കേ പുത്തൻവിള ഇന്റർ ലോക്കിംഗ് |
| എം.ബുക്ക് നമ്പർ | 94/20-21 |
| ചെലവ് തുക | 48283.12 |

അപാകങ്ങൾ

1)2020-21 വർഷത്തെ എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ പ്രവൃത്തി നടത്തിപ്പിലെ മൂന്ന് ഘട്ടങ്ങളിലെ ഫോട്ടോയും സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൈറ്റ് ഡയറിയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)8628-ാം നമ്പർ മസ്റ്റർ റോളിൽ, ചുമതലയുള്ള മേറ്റോ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ, അനുബന്ധം 2 പ്രകാരമുള്ള ഫയൽ ട്രാക്കിംഗ് ഫോറത്തിൽ പ്രവൃത്തി തുടങ്ങിയ ദിവസം, പൂർത്തീകരിച്ച ദിവസം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 34/16.05.2022 ന് ലഭിച്ച മറുപടിയിൽ മാസ്റ്റർ സർക്കുലർ പ്രകാരമുള്ള രേഖകൾ ഫയലിൽ സൂക്ഷിക്കുമെന്നും മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്

III)

| | |
|---|---|
| വർക്ക് കോഡ് | 1614002001/WC/419681 |

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കേട്ടുപുര പ്രദേശത്തെ ഭൂമിയിൽ തട്ടുതിരിക്കൽ |
| എം.ബുക്ക് നമ്പർ | 28/2020-21 |
| ചെലവ് തുക | 466891/- |

അപാകങ്ങൾ

സുഭിക്ഷ കേരളം പദ്ധതി പ്രകാരമുള്ള മേൽ പ്രവൃത്തിയിൽ, ശ്രീമതി ലതിക, വിഷ്ണുപ്രിയ ഭവൻ, കടയ്ക്കാവൂർ എന്ന വ്യക്തിയുടെ 1 ആർ 25 സ്ക്വയർ മീറ്റർ സ്ഥലത്ത് ഭൂവികസനം നടപ്പാക്കിയിട്ടുണ്ട്. റേഷൻ കാർഡ് പ്രകാരം ശ്രീമതി ലതിക, ഭർത്താവായ ശ്രീ.ദുഷന്തൻ എന്നിവർ സർക്കാർ ജീവനക്കാരാണ്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21, സുഭിക്ഷ കേരളം അധിക മാർഗ നിർദ്ദേശം (എം.എൻ.ആർ.ഇ.ജി.എസ് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്ററുടെ 12.06.2020ലെ എ3/519/2020/എം.ജി.എൻ.ആർ.ഇ.ജി.എസ്) എന്നിവ പ്രകാരം സ്വകാര്യ ഭൂമിയിൽ പ്രവൃത്തി ഏറ്റെടുക്കുമ്പോൾ ഗുണഭോക്തൃകുടുംബം തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാം പട്ടികയുടെ അഞ്ചാം ഖണ്ഡികയിൽ പരാമർശിക്കുന്ന പാർശ്വവൽകൃത വിഭാഗത്തിൽപ്പെട്ടവർ ആയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, കുടുംബത്തിന് തൊഴിൽ കാർഡ് ഉണ്ടായിരിക്കേണ്ടതും കുടുംബത്തിൽ ഒരംഗം ആ പ്രവൃത്തിയിൽ അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പിട്ടിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടാത്ത മേൽ വ്യക്തിയുടെ ഭൂമിയിലെ വികസന പ്രവർത്തനങ്ങൾക്കാണ് തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉപയോഗിച്ചത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 33/16.05.2022 ന് ലഭിച്ച മറുപടിയിൽ പ്രസ്തുത വ്യക്തി നാമമാത്ര ചെറുകിട കർഷകനാണെന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവുകൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമായി തൊഴിലുറപ്പ് ഫണ്ട് ഉപയോഗിച്ചത് ഗുരുതരമായ വീഴ്ചയാണ്. തൊഴിലുറപ്പ് നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.11.2021 മുതൽ 01.12.2021 വരെ | 01/21 മുതൽ 07/21 വരെ | 18.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.10.2018 | 2008-09 മുതൽ 2012-13 വരെ | 04.01.2019 |

## 1-10 വസ്തു നികുതി - അപാകങ്ങൾ

വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-10-1 വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം, (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207-ാം വകുപ്പ് പ്രകാരം) വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും നിയമത്തിലെ 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിന്റെ പരിശോധനയിൽ, ഗ്രാമപഞ്ചായത്തിലെ 1, 3, 5, 7 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം (ചതുരശ്ര മീറ്റർ) |
|---|---|---|---|---|
| 1 | 1/4 | ബനാൻസ് | പാർപ്പിടാവശ്യം | 64 |

| | | | | |
|---|---|---|---|---|
| 2 | 1/16 | ബനഡി | പാർപ്പിടാവശ്യം | 64 |
| 3 | 3/177 | അനിൽ കുമാർ | പാർപ്പിടാവശ്യം | 72 |
| 4 | 3/186 | ലൈല റോബർട്ട് | പാർപ്പിടാവശ്യം | 72 |
| 5 | 5/22 | പുഷ്പരാജ് | പാർപ്പിടാവശ്യം | 70 |
| 6 | 5/72 | ശിവകുമാർ | പാർപ്പിടാവശ്യം | 70 |
| 7 | 5/146 | ബേബി | പാർപ്പിടാവശ്യം | 90 |
| 8 | 5/220 | അബ്രഹാം | പാർപ്പിടാവശ്യം | 70 |
| 9 | 5/250 | ജയ അബ്രഹാം | പാർപ്പിടാവശ്യം | 70 |
| 10 | 5/374 A | സിന്ധു | പാർപ്പിടാവശ്യം | 112 |
| 11 | 7/324 | വിജയ് ജറാൾഡ് | പാർപ്പിടാവശ്യം | 109 |
| 12 | 7/372 | വിൽഫ്രഡ് സുഷമ | പാർപ്പിടാവശ്യം | 96 |

വിശദീകരണമാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 47/18.05.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-10-2 ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു

സഞ്ചയ സോഫ്റ്റ് വെയറിൽ 2, 12 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്(ഡിമാന്റ് തുക 0). വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് / കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | വിസ്തീർണം (ചതുരശ്ര മീറ്റർ) | നാളിതുവരെ ഈടാക്കിയ നികുതി |
|---|---|---|---|---|---|
| 1 | 2/88 | കെ. ഗോപാലൻ | പാർപ്പിടാവശ്യം | 88 | 1850 |
| 2 | 2/53 | കെ.പി. സദാനന്ദൻ | പാർപ്പിടാവശ്യം | 66 | 1215 |
| 3 | 2/253 | രാജമ്മ | പാർപ്പിടാവശ്യം | 90 | 993 |
| 4 | 2/109 | സന്ധ്യ | പാർപ്പിടാവശ്യം | 72 | 795 |
| 5 | 2/174 | ശെൽവരാജ് | പാർപ്പിടാവശ്യം | 65 | 546 |
| 6 | 2/254 | സുരേന്ദ്രൻ | പാർപ്പിടാവശ്യം | 66 | 522 |
| 7 | 12/32 | എഡ്വേർഡ് | പാർപ്പിടാവശ്യം | 64 | 472 |
| 8 | 12/173 | നെൽസൻ | പാർപ്പിടാവശ്യം | 68 | 410 |
| 9 | 12/91 | എസ്തർ | പാർപ്പിടാവശ്യം | 78 | 328 |

വിശദീകരണമാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 48/18.05.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-10-3 കെട്ടിടങ്ങളെ നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 8-ാം വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് വ്യക്തമാകുന്നു.

| Missing From | Missing To | Missing Total |
|---|---|---|
| 9 | 9 | 1 |
| 13 | 13 | 1 |

| | | |
|---|---|---|
| 23 | 23 | 1 |
| 38 | 38 | 1 |
| 79 | 79 | 1 |
| 94 | 94 | 1 |
| 141 | 141 | 1 |
| 208 | 208 | 1 |
| 298 | 298 | 1 |
| 306 | 306 | 1 |
| 343 | 343 | 1 |
| 363 | 363 | 1 |
| 389 | 389 | 1 |
| Total | | 13 |

വിശദീകരണമാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 46/18.05.2022) മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും, തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി. എസ്.)എ 9-764/2019 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള റേഷൻ കടകൾക്ക് 2020-21 വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ചു നൽകുകയോ, അവയിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36 നു ലഭ്യമാക്കിയ മറുപടി പ്രകാരം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്ക് കത്ത് നല്കിയിട്ടുള്ളതായും ഇതേ തുടർന്ന് ഒരു റേഷൻ കടയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ളതായും (ശ്രീമതി രമ്യ വി ആർ, എ. ആർ. ഡി. നമ്പർ : 375) ഈ വർഷം മുതൽ മറ്റ് റേഷൻ കടകൾക്കും ലൈസൻസ് നൽകുമെന്നും തൊഴിൽ നികുതി ഈടാക്കുമെന്നും അറിയിച്ചു.
പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെയെല്ലാം വിവരങ്ങൾ ഉൾക്കൊള്ളിച്ച് ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനും റേഷൻ കടകൾക്കും ഇതര സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii) ബി പ്രകാരം പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ 60 ദിവസത്തിൽ കൂടുതൽ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസ്സിനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. 2020 -21 കാലയളവിൽ പഞ്ചായത്തിൽ നിർമാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ത.സ്വ.ഭ.വ എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി 09ന്റെ മറുപടി). മുൻ വർഷങ്ങളിലും ഓഡിറ്റ് ഈ വിഷയം ചൂണ്ടിക്കാണിച്ചിട്ടും പഞ്ചായത്തിന്റെ വരുമാന വർദ്ധനവിനായി ഇക്കാര്യത്തിൽ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല എന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-13 ലേല നടപടികളിലെ അപാകങ്ങൾ

1) ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ലേല പരസ്യത്തിലെ ചുവടെ ചേർക്കുന്ന ഇനങ്ങളുടെ ലേലത്തിൽ ആദ്യ ഘട്ടത്തിൽ ആരും പങ്കെടുക്കാത്തതിനാൽ ലേലം നടന്നിട്ടില്ല. പിന്നീട് പുനർലേലം നടത്തിയതിന്റെ വിവരങ്ങളും ലഭ്യമല്ല.

| ലേലപരസ്യത്തിലെ ക്രമ നമ്പർ | ഇനം | മുൻവർഷം ലേലം ചെയ്ത തുക |
|---|---|---|
| 7 | നെടുങ്ങണ്ട എം എം എൽ പി സ്കൂൾ കോമ്പൗണ്ടിലെ 10 തെങ്ങ്, 1 മാവ്, 1 പ്ലാവ് എന്നിവയിൽ നിന്നും മേലാദായം എടുക്കൽ | 800 |
| 8 | വാർഡ് 2 ൽ മണ്ണാന്റെമൂല കായൽവട്ടം | 1050 |

2) ലേല പരസ്യത്തിലെ ക്രമ നമ്പർ (1),(3) എന്നീ ഇനങ്ങളുടെ പുനർലേലം നടത്തുകയും വിഷ്ണു ശരത്ചന്ദ്രൻ എന്നയാളുടെ പേരിൽ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ ലേല ഡയറി, കരാർ എന്നിവ ലഭ്യമല്ല .

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21ന ലഭിച്ച മറുപടി പ്രകാരം ലേല പരസ്യത്തിലെ ക്രമ നമ്പർ 7, 8 എന്നിവയുമായി ബന്ധപ്പെട്ട ഫയൽ കാണുന്നില്ലെന്നും കണ്ടെത്തിയാൽ ഉടനെ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഫയൽ കണ്ടെത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലേല നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ലേല രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും കരാർ നടപടികൾ പാലിക്കേണ്ടതുമാണ് .

## 1-14 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1)ക്യാൻസൽ ചെയ്ത മാന്വൽ രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|
| 62048 | 25,50,51 |
| 62068 | 06,09,29,46,53,54 |
| 62075 | 09 |
| 62060 | 48,72 |
| 62067 | 37 |
| 62041 | 12 |
| 62044 | 07 |
| 62074 | 21 |
| 62045 | 34 |
| 1631 | 29 |

2) രസീത് ബുക്കിൽ ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല, വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| രസീത് ബുക്ക് നമ്പർ | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|
| 62046 | കൃഷി ഓഫീസർ |
| 62049 | കൃഷി ഓഫീസർ |
| 62050 | കൃഷി ഓഫീസർ |
| 62051 | കൃഷി ഓഫീസർ |
| 62053 | കൃഷി ഓഫീസർ |
| 62054 | കൃഷി ഓഫീസർ |
| 62055 | കൃഷി ഓഫീസർ |
| 62056 | കൃഷി ഓഫീസർ |

അപാകത നോട്ടപ്പിശക് കൊണ്ട് ഉണ്ടായതാണെന്നും മേലിൽ ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 10 ന്റെ മറുപടി).

3)രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നമ്പർ |
|---|
| 62041 |
| 62044 |
| 62045 |
| 62048 |
| 62075 |

4)11.05.2020ൽ 62041 നമ്പറിലുള്ള രസീത് ബുക്ക് ഫ്രണ്ട് ഓഫീസിലേയ്ക്കായി നൽകിയിരുന്നു. എന്നാൽ, ഇതിൽ രസീത് നമ്പർ 35 വരെയുള്ള പേജുകൾ മാത്രം ഉപയോഗിച്ചതിനുശേഷം പേജുകൾ ബാക്കി നിൽക്കെ അവ ക്യാൻസൽ ചെയ്ത് 18.08.2020 ൽ 62044 നമ്പറിലുള്ള പുതിയ രസീത് ബുക്ക് ഇഷ്യൂ ചെയ്തു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10നു ലഭിച്ച മറുപടി പ്രകാരം 62041 നമ്പറിലുള്ള രസീത് ബുക്ക് കെ. ജയൻ, സീനിയർ ക്ലാർക്കിന്റെ പേരിൽ അനുവദിച്ചിരുന്നതും ഫ്രണ്ട് ഓഫീസിൽ ഉപയോഗിച്ച് വന്നിരുന്നതും ആണ് ഇദ്ദേഹം ട്രാൻസ്ഫർ ആയതിനെ തുടർന്നാണ് ബുക്ക് ക്യാൻസൽ ചെയ്യുകയും പുതിയ ബുക്ക് ഉപയോഗിക്കുകയും ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട് .

5)വെറ്റിനറി സർജന് 22.02.2021ൽ ഗുണഭോക്തൃ വിഹിതം കളക്ട് ചെയ്യാനായി നല്കിയ 62062 നമ്പർ രസീത് ബുക്ക് നാളിതുവരെ ഉപയോഗിക്കാതെ കൈവശം വച്ചിരിക്കുന്നു.

രസീത് ബുക്കുകൾ ഉപയോഗിക്കുമ്പോൾ അപാകങ്ങൾ കൂടാതെ ഉപയോഗിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-15 പ്രൊക്യൂർമെന്റ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

1)വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

2) വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചിട്ടില്ല.

3)ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-21 വർഷത്തേക്കുള്ള വാങ്ങലുകളുമായി ബന്ധപ്പെട്ട് ഒരു യോഗം മാത്രമാണ് കൂടിയിട്ടുള്ളത്. 23.02.2021ൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗത്തിനെ തുടർന്ന് പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേരുകയും 2020-21 വർഷത്തെ വാങ്ങൽ പ്രക്രിയ നടന്ന പ്രോജക്ടുകളുടെ നിർവ്വഹണം സാധൂകരിച്ച് തീരുമാനിക്കുകയും ചെയ്തു.

4)സാമ്പിൾ പരിശോധന, അംഗീകാരം മുതലായ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല.

5)പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 07/11.05.2022), പ്രൊക്യൂർമെന്റ് കമ്മിറ്റി 15.09.2021ൽ പുനഃ സംഘടിപ്പിച്ചതായാണ് മറുപടി ലഭ്യമാക്കിയത്.

കോവിഡ് വ്യാപനത്തിന്റെ സാഹചര്യത്തിൽ യോഗങ്ങൾ സംഘടിപ്പിക്കുന്നതിന് നിയന്ത്രണമുണ്ടായിരുന്നുവെന്നും വിശദീകരിച്ചിട്ടുണ്ട്.

വാങ്ങൽ പ്രക്രിയയിൽ മാർഗ്ഗരേഖ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾ പ്രശംസാർഹം.

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളത് പ്രശംസാർഹമാണ്.

| ക്രമ നമ്പർ | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ |
|---|---|---|

| | | |
|---|---|---|
| | | 08/11.05.2022ന്റെ മറുപടി) |
| 1 | ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം. | പഞ്ചായത്ത് തല ജൈവ വൈവിദ്ധ്യ പരിപാലന സമിതിയുടെ നേതൃത്വത്തിൽ കാവുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. (10 കാവുകളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്) |
| 2 | ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം | കാവുകളിൽ സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കയിട്ടുണ്ട്. |
| 3 | ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം. | കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡുമായിച്ചേർന്ന് കാവുകളുടെ സംരക്ഷണത്തിന് പദ്ധതി തയ്യാറാക്കി വരുന്നു. |
| 4 | LSGDഎഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വാകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം. | എസ്റ്റിമേറ്റുകൾ തയ്യാറായി വരുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |

തുടർ നടപടി കൾ സ്വീകരിച്ച് പദ്ധതികൾ പൂർത്തിയാക്കേണ്ടതാണ്.

## 1-17 ശമ്പള പരിഷ്കരണം - ഓഡിറ്റിന്റെ അംഗീകാരം വാങ്ങിയിട്ടില്ല

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ഉദ്യോഗസ്ഥരുടെ സേവനപുസ്തകങ്ങളുടെ പരിശോധനയിൽ, ഭൂരിഭാഗം പേരുടേയും, 2019 ശമ്പള പരിഷ്കരണം ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കി അംഗീകാരം വാങ്ങിയിട്ടില്ലായെന്ന് കാണുന്നു. ലഭ്യമാക്കിയ പത്ത് സേവന പുസ്തകങ്ങളിൽ ചുവടെ ചേർക്കുന്ന 7 പേരുടെയും ശമ്പള പരിഷ്കരണത്തിന് അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ബിജുകുമാർ. | ഹെഡ് ക്ലർക്ക് |
| 2 | അജിഷ് ഖാൻ.എസ്.എൽ. | സീനിയർ ക്ലർക്ക് |
| 3 | മുനീറുദ്ദീൻ,ബി. | സീനിയർ ക്ലർക്ക് |
| 4 | സ്മിത.ആർ.എസ്. | സീനിയർ ക്ലർക്ക് |
| 5 | അജിത് കുമാർ.ജി. | സീനിയർ ക്ലർക്ക് |
| 6 | ഷിജുലാൽ.വി. | ക്ലർക്ക് |
| 7 | ശ്രീഹരി.കെ.എസ്. | ക്ലർക്ക് |

അടിയന്തിരമായി ഓഡിറ്റിന്റെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 44/18.05.2022ന്റെ മറുപടി).

ശമ്പള നിർണയങ്ങൾ യഥാസമയം ഓഡിറ്റിന്റെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമാക്കേണ്ടതാണ്.

## 1-18 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

| ചെക്ക് നമ്പർ | തുക | തിയതി |
|---|---|---|
| 089274 | 140000 | 14.05.2020 |
| 798031 | 40000 | 06.06.2020 |

മഴക്കാല പൂർവ്വ ശുചീകരണത്തിനായി 180000/- രൂപ മെഡിക്കൽ ഓഫീസർ - സി.എച്ച്.സി എന്ന അക്കൗണ്ടിലേക്ക് നൽകുകയും വാർഡ് തല കൺവീനർമാർ വഴി ഈ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, ഇതിന്റെ സബ് വൗച്ചറുകളും അനുബന്ധ രേഖകളും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 38നു മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 തിമിംഗലത്തിന്റെ അവശിഷ്ടങ്ങൾ മറവ് ചെയ്യയിനത്തിൽ രണ്ട് പ്രാവശ്യം ചെലവ്

2019 സെപ്റ്റംബറിൽ തിമിംഗലം ചത്ത് തീരത്തടിയുകയും അതിനെ മറവു ചെയ്യുകയും ചെയ്തിരുന്നു. ഇതിന്റെ അവശിഷ്ടങ്ങൾ വീണ്ടും പൊങ്ങിവന്നതിനെ തുടർന്ന് അത് നീക്കം ചെയ്യുന്നതിനായി 14.08.2020ൽ ചെക്ക് നമ്പർ 798685/- പ്രകാരം 20000/- രൂപ അനുവദിച്ചിട്ടുണ്ട്. 2019ൽ തിമംഗലത്തെ കുഴിയെടുത്തു മൂടുന്നതിലേക്കാവശ്യമായി വന്ന തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 35നു മറുപടി ലഭ്യമാക്കിയിട്ടില്ല. 2019ൽ തിമിംഗലത്തെ സംസ്കരിക്കുന്നതിൽ വന്ന പിഴവുകൾ മൂലം 2020-21 വർഷത്തിൽ വീണ്ടും അവശിഷ്ടങ്ങൾ പൊങ്ങി വരികയും പ്രാദേശികമായി ബുദ്ധിമുട്ടുകൾ ഉണ്ടാവുകയും ചെയ്തു, ഇതേതുടർന്ന് വീണ്ടും തുക മുടക്കി മാലിന്യങ്ങൾ നീക്കം ചെയ്യേണ്ട സ്ഥിതി ഉണ്ടായി. ആദ്യം സംസ്കരിച്ചതിൽ കൂടുതൽ അവധാനത പുലർത്തിയിരുന്നെങ്കിൽ പഞ്ചായത്തിന് രണ്ട് പ്രാവശ്യം ചെലവ് ചെയ്യേണ്ടിവരില്ലായിരുന്നു.

## 1-20 പത്രപ്പരസ്യം - സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്ക് ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ | SO055/21(സ്പിൽ ഓവർ) | SO003/21 |
|---|---|---|
| പ്രോജക്ടിന്റെ പേര് | പദ്ധതി ആസൂത്രണം നിർവഹണം മോണിറ്ററിംഗ് | പദ്ധതി ആസൂത്രണം നിർവഹണം മോണിറ്ററിംഗ് |
| നിർവഹണം | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 181305 (വികസന ഫണ്ട്) | 100000(വികസന ഫണ്ട്) |
| ചെലവ് | 99591 | 100000 |

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യനിരക്ക് ജി.ഒ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഒ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 , ജി.ഒ (പി) നം.1/2019/I&PRD തീയതി 07.01.2019, ജി.ഒ(പി) നം.2/2020/I&PRD തീ.10.12.2020 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പരസ്യങ്ങൾ പി.ആന്റ് എ ആർ ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിച്ച് നൽകണമെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21, 2021-22 വർഷങ്ങളിലെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് മേൽ പ്രോജക്ടുകൾ പ്രകാരം കേരള കൗമുദി ദിനപ്പത്രത്തിൽ പത്രപ്പരസ്യം നൽകിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകളും ഡിസ്കൗണ്ട് കണക്കാക്കിയിട്ടില്ല. ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | അളവ് ($Cm^2$) | ബിൽ തുക (Inc 5%GST) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| SO055/21 | 1 | BLTVM00338272/08.05.2019 | 48 | 15322 |
| | 2 | BLTVM00340806/21.08.2019 | 40 | 12768 |
| | 3 | BLTVM00379330/05.02.2020 | 80 | 25536 |
| | 4 | BLTVM00342485/22.09.2019 | 40 | 12768 |
| | 5 | BLTVM00350200/20.02.2020 | 64 | 20429 |
| | 6 | BLTVM00340944/22.08.2019 | 40 | 12768 |
| | ആകെ | | | 99591/- |
| SO003/21 | 1 | BLTVM00354704/27.06.2020 | 56 | 17875 |
| | ആകെ | | | 17875/- |

കേരളകൗമുദിയിൽ നിന്നും ലഭിച്ച ഇൻവോയ്സുകളിലെ സ്ക്വയർ സെന്റീമീറ്ററിന് 304 രൂപ നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. ജി.ഒ(പി) നം17/15/ I & PRD തീയതി 08-12-2015, ഉത്തരവ് പ്രകാരം കേരളകൗമുദി തിരുവനന്തപുരം എഡീഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 124/- രൂപയാണ്. കൂടാതെ ജി.ഒ(പി) നം.2/2020/I&PRD തീ.10.12.2020 ഉത്തരവ് പ്രകാരം 01.04.2019 മുതൽ കേരളകൗമുദി തിരുവനന്തപുരം എഡീഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 158/- രൂപയായി പുനർ നിർണയിച്ചിട്ടുണ്ട്. കൂടാതെ 15 % ഡിസ്കൗണ്ടും ഉൾപ്പെടുത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.37/17.05.2022 ന് ലഭിച്ച മറുപടിയിൽ മറ്റ് പഞ്ചായത്തുകൾക്ക് നൽകിയ അതേ നിരക്കിലാണ് തുക ഈടാക്കിയതെന്ന് കേരളകൗമുദിയിൽ നിന്നും അറിയിച്ചിട്ടുള്ളതായാണ് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്ക് കണക്കാക്കി തുക നൽകാൻ ഭാവിയിൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ --913628/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

| പ്രോജക്ട് നമ്പർ | SO193 | SO152 |
|---|---|---|
| പ്രോജക്ടിന്റെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| നിർവഹണം | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 2500000 (വികസന ഫണ്ട്) | 200000 (വികസന ഫണ്ട്) |
| ചെലവ് | 713628 | 200000 |
| ബിൽ | 83/ 27-08-2020(86778)+ 84/ 27-08-2020(112850)+ 85/ 27-08-2020(42600)+ 130/ 11-11-2020(368550)+ 168/ 26-01-2021(102850) | 72/ 29-07-2020(197650)+ 285/ 29-03-2021(2350) |

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ രൂപീകരണവുമായി ബന്ധപ്പെട്ട് 25.05.2020 തീയതിയിലെ സ.ഉ(സാധാ)നം.955/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും 16.07.2020 തീയതിയിലെ സ.ഉ(സാധാ)നം.1364/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും സർക്കാർ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ മൂന്ന് സി.എഫ്.എൽ.റ്റി.സികളാണ് പ്രവർത്തിച്ചിരുന്നത്. പ്രസ്തുത സി.എഫ്.എൽ.റ്റിസികളിൽ മേൽ ഉത്തരവ് പ്രകാരം സൂക്ഷിക്കേണ്ട താഴെപ്പറയുന്ന രജിസ്റ്ററുകളും രേഖകളും

പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.

1)തിരിച്ച നൽകേണ്ട സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

2)സംഭാവനയായി ലഭിച്ച സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

3)സംഭാവനയായി ലഭിച്ച പണത്തിന്റെ രജിസ്റ്റർ

4)സ്റ്റോക്ക് രജിസ്റ്റർ

5)റൂം , വാർഡ്, ടോയ്ലറ്റ് ക്ലീനിംഗ് ചാർട്ട്

6)CFLTC ഇൻമേറ്റ്സ് രജിസ്റ്റർ

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.54/19.05.2022 ന് മറുപടി ലഭ്യമാക്കിയില്ല. 913628/- രൂപ യുടെചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.രേഖകൾ ലഭ്യമാകാത്ത പക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-22 ജലജീവൻ മിഷൻ - വാട്ടർ കണക്ഷൻ നൽകിയവരുടെ വിവരം ലഭ്യമാക്കിയിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | SO188/21 | SO197/21 |
| പ്രോജക്ടിന്റെ പേര് | ജലജീവൻ മിഷൻ | ജലജീവൻ മിഷൻ അധിക തുക |
| നിർവഹണം | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 600000(വികസന ഫണ്ട്) | 508050(വികസന ഫണ്ട്) |
| ചെലവ് | 600000 | 508050 |
| ബിൽ നമ്പർ | 97/ 06-10-2020 | 138/ 11-11-2020 |

ഗ്രാമീണ ഭവനങ്ങളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ജലജീവൻമിഷൻ. കേന്ദ്രസർക്കാർ 45% വിഹിതം, സംസ്ഥാന സർക്കാർ 30% വിഹിതം, ഗ്രാമപഞ്ചായത്ത് 15% വിഹിതം, ഗുണഭോക്തൃ വിഹിതം 10% ഉൾപ്പെടെയാണ് പദ്ധതി നടപ്പാക്കുന്നത്. 2020-21 വർഷം മേൽ പദ്ധതികൾ പ്രകാരം 500 ഭവനങ്ങളിൽ വാട്ടർകണക്ഷൻ നൽകുന്നതിനായി 1108050/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 1544 ഗുണഭോക്താക്കളുടെ ലിസ്റ്റ് കേരള വാട്ടർ അതോറിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 500 ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിനായി 1108050/- രൂപ ഒടുക്ക് വരുത്തിയിട്ടുമുണ്ട്. എന്നാൽ പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിയുമായി നാളിതുവരെ ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടില്ല. കൂടാതെ മേൽ പദ്ധതി പ്രകാരം വാട്ടർ കണക്ഷൻ നൽകിയ ഗുണഭോക്താക്കളുടെ വിവരം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

2)പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഒരു ഗുണഭോക്താവിൽ നിന്നും 1477/- രൂപ വീതം 556 ഗുണഭോക്താക്കളിൽ നിന്നായി 821212/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് വിഹിതം മാത്രമാണ് വകയിരുത്തിയതും ചെലവഴിച്ചതും. വാട്ടർ അതോറിറ്റിയുമായി കരാർ ചമയ്ക്കുന്നതിനും പദ്ധതി പ്രകാരം വാട്ടർ കണക്ഷൻ നൽകിയവരുടെ വിവരം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 40/17.05.2022 ന്റെ മറുപടി). ഗുണഭോക്തൃലിസ്റ്റ് പ്രകാരം ബാക്കിയുള്ള ഗുണഭോക്താക്കൾ വാട്ടർ കണക്ഷൻ നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരവും പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-23 സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയില്ല – 3076359/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

| ക്രമ നമ്പർ | 1 | 2 | 3 |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ | S0148/21 | S0149/21 | S0150/21 |
| പ്രോജക്റ്റിന്റെ പേര് | സോളാർ ഹൈമാസ്റ്റും മിനിമാസ്റ്റും | സോളാർ മിനിമാസ്റ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ | സോളാർ മിനിമാസ്റ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ |
| നിർവഹണം | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 855000<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 855000<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1400000<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 836359 | 840000 | 1400000 |
| ബിൽ നമ്പർ | 42/25-05-2020 | 43/25-05-2020 | 44/25-05-2020 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനായാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത്. പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പദ്ധതി മാർഗരേഖ[സ.ഉ(കൈ)നം.11/2018/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.8.2(6) പ്രകാരം സോളാർ എനർജിയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ പരിശോധിച്ച് സാങ്കേതിക അനുമതി നൽകുന്നത് ജില്ലാ കളക്ടർ നേതൃത്വം നൽകുന്ന ടെക്നിക്കൽ കമ്മിറ്റിയാണ്. എന്നാൽ മേൽ പ്രോജക്റ്റുകളുടെ എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി തുടങ്ങിയവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.06.2017 ലെ ഡി.എ.1/244/2017 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന തലത്തിൽ സോളാർ സംവിധാനം സ്ഥാപിച്ചു നൽകുന്നവരിൽ അനർട്ട് എംപാനൽ ചെയ്ത് ലഭ്യമാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ടെൻഡർ മുഖേനയാണ് സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ഏജൻസികളെ തെരെഞ്ഞെടുക്കേണ്ടത്. എന്നാൽ മേൽ പ്രവൃത്തികളിൽ ക്രമ നമ്പർ 1 പ്രകാരമുള്ള പ്രോജക്റ്റിൽ സിഡ്കോ സെയിൽസ് എംപോറിയം മുഖേന നേരിട്ടാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. മേൽ സ്ഥാപനത്തെ എംപാനൽ ചെയ്ത് കൊണ്ട് അനർട്ട് ലഭ്യാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3)വിവിധ വാർഡുകളിൽ മിനിമാസ്റ്റ് വാങ്ങൽ പ്രവൃത്തി വ്യത്യസ്ത പ്രോജക്റ്റുകളിൽ ഉൾപ്പെടുത്തി വ്യത്യസ്ത സ്ഥാപനങ്ങൾ മുഖേനയും വ്യത്യസ്ത നിരക്കുകളിലും വാറന്റി കാലാവധിയിലുമാണ് വാങ്ങിയിട്ടുള്ളത്. വ്യത്യസ്ത സ്പെസിഫിക്കേഷനുകളിലും നിരക്കുകളിലും വിളക്കുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കിയില്ല.പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ മേൽ വിഷയം സംബന്ധിച്ച നടപടിക്രമങ്ങളില്ല.

4)മേൽ പ്രവൃത്തികളുടെ നിർവഹണ ഏജൻസികൾ ലഭ്യമാക്കിയ ഇൻസ്റ്റലേഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

5)ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 16.06.2018ലെ പി.എൽ.ജി.220/2018-19/ഡി.പി.സി/ഡി.പി.ഒ /തിരു/(സോളാർ എനർജി) നമ്പർ നടപടിക്രമം പ്രകാരം പ്രോജക്റ്റ് പൂർത്തീകരിച്ചാൽ അനർട്ടിൽ നിന്നും ലഭ്യമാകുന്ന പരിശോധന സർട്ടിഫിക്കറ്റ് പ്രകാരമാണ് പ്രോജക്റ്റ് തുക അനുവദിച്ചു നൽകേണ്ടത്. എന്നാൽ അനർട്ടിൽ നിന്നും ലഭിച്ച പ്രസ്തുത വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.50/19.05.2022 ന് ലഭിച്ച മറുപടിയിൽ വ്യത്യസ്ഥ അളവിലും ഗുണനിലവാരത്തിലും ഉള്ള മിനിമാസ്റ്റ് ലൈറ്റ് ആയതിനാലാണ് വ്യത്യസ്ഥ തുക കണക്കാക്കിയത് എന്നാണ്. കൂടാതെ സിഡ്കോയുടെ ചെറുകിട യൂണിറ്റിൽ നിർമ്മിച്ചത് കൊണ്ടാണ് അനർട്ടിന്റെ നിർദ്ദേശം കൂടാതെ വാങ്ങൽ നടത്തിയതെന്നുമാണ് അറിയിച്ചിട്ടുള്ളത്. സോളാർ ലൈറ്റ് സ്ഥാപിച്ച നിർവഹണ സ്ഥാപനങ്ങൾ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലായെന്നും അനർട്ടിൽ നിന്നും പരിശോധന പത്രം ലഭിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 3076359/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 സോളാർ തെരുവ് വിളക്ക് അറ്റകുറ്റപ്പണി - രേഖകൾ ഹാജരാക്കിയിട്ടില്ല-879300/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

| ക്രമ നമ്പർ | 1 | 2 |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0155/21 | S0065/21<br>(സ്പിൽ ഓവർ) |
| പ്രോജക്റ്റിന്റെ പേര് | സോളാർ മിനിമാസ്റ്റ് ലൈറ്റുകൾക്ക് അറ്റകുറ്റപ്പണി | സോളാർ മിനിമാസ്റ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ |
| നിർവഹണം | സെക്രട്ടറി | സെക്രട്ടറി |

| | | |
|---|---|---|
| അടങ്കൽ | 500000(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 382200(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 499800 | 379500 |
| ബിൽ നമ്പർ | 277/29-03-2021 | 2/11-04-2020 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള സോളാർ മിനിമാസ്റ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മേൽ പ്രോജക്ടുകൾ വിഭാവനം ചെയ്തത്. പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/2015/തസ്വഭവ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതുമായി ബന്ധപ്പെട്ട്, കേടായ ഉപകരണങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നിവ പരിപാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ മേൽ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ പദ്ധതി പ്രകാരം മെയിന്റനൻസ് നടത്തിയ സോളാർ ലൈറ്റുകൾ സ്ഥാപിച്ച തീയതി, വാറന്റി കാലാവധി, സ്ഥിതി ചെയ്യുന്ന പ്രദേശം എന്നിവ സംബന്ധിച്ച വിവരങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ബി)ക്രമ നമ്പർ 1 പ്രകാരമുള്ള പ്രോജക്ട് ശ്രീ.ശ്രീജിത് വി.റ്റി, വിസ്ത വിൻഡ് പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനും ക്രമ നമ്പർ 2 പ്രകാരമുള്ള പ്രോജക്ട് വാപ് സൊല്യൂഷൻസ് എന്ന സ്ഥാപനത്തിനുമാണ് ടെണ്ടർ ചെയ്ത് നൽകിയിട്ടുള്ളത്. എന്നാൽ ക്രമ നമ്പർ 1 പ്രകാരമുള്ള വ്യക്തി/സ്ഥാപനമായുള്ള കരാറിൽ, രേഖപ്പെടുത്തൽ വരുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

സി)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

ഡി)2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ മേൽ പ്രവൃത്തി പ്രകാരം തുക അനുവദിച്ച് നൽകിയപ്പോൾ ജി.എസ്.ടി (ടി.ഡി.എസ് )ഈടാക്കിയിട്ടില്ല.

ഇ)മേൽ പ്രവൃത്തികൾ നടപ്പാക്കിയത് സംബന്ധിച്ച് വാർഡ് മെമ്പർമാരുടെയും, മോണിറ്ററിംഗ് കമ്മിറ്റിയുടെയും റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നമ്പർ 51/19.05.2022) മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 879300/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/2011/തസ്വഭവ, 29.05.2018 ലെ 269/ഡി.എ3/2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-25 തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കിയില്ല - 968800/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 970000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 968800 |
| ബിൽ നമ്പർ | 1/ 11-04-2020 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നതിനായി മേൽ പ്രോജക്ട് പ്രകാരം 968800/-രൂപയുടെ

തെരുവ് വിളക്കുകൾ സിഡ്കോ മുഖാന്തിരം വാങ്ങിയിട്ടുണ്ട്. പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സിഡ്കോയിൽ നിന്നും ലഭ്യമാക്കിയ ഇൻവോയ്സിൽ തെരുവ് വിളക്കുകൾക്ക് 2 വർഷ വാറന്റിയെന്നും സിഡ്കോയുമായി ചമച്ച കരാറിൽ 1 വർഷ വാറന്റി എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പ്രസ്തുത കരാറിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട ഫയലിലോ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിലോ വാറന്റി സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തിയിട്ടില്ല.

2)2010-ലെ പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ആ വർഷം വാങ്ങേണ്ട സാധനങ്ങളുടെ ആവശ്യകതയും എണ്ണവും ഇനവും നിശ്ചയിക്കേണ്ടതും അതിന്റെയടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്തേണ്ടതുമാണ്. കൂടാതെ, പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ എണ്ണം രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പഞ്ചായത്തിൽ തെരുവ് വിളക്കുകൾ വാങ്ങിയിട്ടുള്ളത്.

3)ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വാങ്ങിയ തെരുവ് വിളക്കുകൾ ഇൻസ്റ്റാൾ ചെയ്തതായി സിഡ്കോയുടെയോ മേൽ നോട്ട ചുമതലയുള്ള കെ.എസ്.ഇ.ബി-യുടെയോ സാക്ഷ്യപത്രം ഇല്ല. ഏതെല്ലാം ഭാഗങ്ങളിലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നമ്പർ 52/19.05.2022) മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 968800/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/2011/തസ്വഭവ, 29.05.2018 ലെ 269/ഡി.എ3/2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-26 തെരുവ് വിളക്ക് - അറ്റകുറ്റപ്പണി രേഖകൾ ഹാജരാക്കിയിട്ടില്ല- 199000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0160/21 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് അറ്റകുറ്റപ്പണി |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 200866 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 199000 |
| ബിൽ നമ്പർ | 137/11-11-2020(50000)+<br>220/ 04-03-2021(149000) |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)17-08-2015 ലെ ജി.2/44274/15 -ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രജിസ്റ്ററിൽ 2020-21 വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ തെരുവ് വിളക്കുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവിളക്കുകളുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ്, വിതരണ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)ഗ്രാമപഞ്ചായത്തിലെ കേടായ തെരുവ് വിളക്കുകളിൽ വാറന്റി കാലാവധിയുള്ള തെരുവുവിളക്കുകൾ കരാറുകാരൻ ഗ്രാമപഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ.വിജു.ജി.പി എന്ന കരാറുകാരനാണ് മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്തത്. എന്നാൽ പ്രസ്തുത കരാറുകാരന്റെ ലൈസൻസ്

വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ മേൽ കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

4)പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നമ്പർ 52/19.05.2022) മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 199000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/2011/തസ്വഭവ, 29.05.2018 ലെ 269/ഡി.എ3/2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 കുടിവെള്ള വിതരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0118/21 |
| പ്രോജക്ടിന്റെ പേര് | കുടിവെള്ളവിതരണം |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 400000(വികസന ഫണ്ട്) |
| ചെലവ് | 123602 |
| ബിൽ നമ്പർ | 65/ 03-07-2020(28012),<br>255/ 24-03-2021(88140),<br>283/ 29-03-2021(7450) |

കുടിവെള്ളക്ഷാമം നേരിടുന്ന വിവിധ വാർഡുകളിൽ, ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള കിയോസ്കുകളിലേയ്ക്ക് വാട്ടർ അതോറിറ്റി അംഗീകാരമുള്ള ജലസ്രോതസുകളിൽ നിന്നും കുടിവെള്ളം എത്തിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. കുടിവെള്ള വിതരണത്തിനായി ഗ്രാമപഞ്ചായത്ത് ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ.മഹേഷ് രാജ് എന്ന വ്യക്തിക്ക് ടെൻഡർ അനുവദിക്കുകയും ചെയ്തു. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ 23.02.2017 ലെ സ.ഉ(സാ.ധാ) നം.787/17/ഡി.എം.ഡി നമ്പർ ഉത്തരവ്, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.02.2020 ലെ സ.ഉ (സാധാ) നം. 494/2020 നമ്പർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ജി പി എസ് ഘടിപ്പിച്ച ടാങ്കറുകളിൽ വേണം കുടിവെള്ള വിതരണം നടത്തേണ്ടത്. കൂടാതെ, കുടിവെള്ള വിതരണം സംബന്ധിച്ച മോണിട്ടറിംഗ് നടത്തുന്നതിനുള്ള സംവിധാനവും ജി പി എസ് ട്രാക്കിംഗ് സംവിധാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജില്ലാതല മേധാവികൾ ഏർപ്പെടുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, കുടിവെള്ള വിതരണം നടത്തിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ, വാട്ടർ ടാങ്കിന്റെ കപ്പാസിറ്റി, വാഹനങ്ങളുടെ ട്രിപ്പ്ഷീറ്റ്, ജിപിഎസ് ലോഗ് /ട്രിപ്പ് ഷീറ്റ് എന്നിവ ലഭ്യമാക്കിയില്ല. ടെൻഡർ നോട്ടീസിലോ ടെൻഡറുകളുടെ അംഗീകാരത്തിലോ വാഹനത്തിന്റെ ടാങ്കിന്റെ കപ്പാസിറ്റിയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2)ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ 23.02.2017 ലെ സ.ഉ(സാ.ധാ) നം.787/17/ഡി.എം.ഡി നമ്പർ ഉത്തരവ് ഖണ്ഡിക 4(h) പ്രകാരം, വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്. ടെൻഡർ നോട്ടീസ് പ്രകാരം വാട്ടർ അതോറിറ്റി അംഗീകാരമുള്ള ജലസ്രോതസുകളിൽ നിന്നാണ് കുടിവെള്ളം ശേഖരിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, കുടിവെള്ളം ശേഖരിച്ച സ്ഥലം, ഓരോ വാർഡിലും വിതരണം ചെയ്ത വെള്ളത്തിന്റെ അളവ് എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5000 ലിറ്റർ കപ്പാസിറ്റിയുള്ള ജി.പി.എസ് ഘടിപ്പിച്ച വാഹനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നേരിട്ട് ശേഖരിച്ചാണ് വിതരണം നടത്തിയത് എന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 42/18.05.2022 ന്റെ മറുപടി). സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള രേഖകൾ നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതും പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പാക്കേണ്ടതുമാണ്.

## 1-28 കുരുമുളക് കൃഷി വികസനം - രേഖകളുടെ സൂക്ഷിപ്പിൽ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ | SO047/21 |
| പ്രോജക്ടിന്റെ പേര് | കുരുമുളക് കൃഷി വികസനം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 85800<br>(69300വികസന ഫണ്ട്<br>+16500ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 85800 |
| ബിൽ നമ്പർ | 158/21.01.21(49500)+<br>171/03.02.21(19800)+<br>ചെക്ക് നമ്പർ ലഭിച്ചിട്ടില്ല |

കുരുമുളക് കൃഷി വ്യാപിക്കുന്നതിനായി, കുരുമുളക് തൈ 100% സബ്സിഡിയിലും ജൈവവളം 75 % സബ്സിഡിയിലും വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം 220 യൂണിറ്റ് (1 യൂണിറ്റ് =10തൈകൾ+20 കി.ഗ്രാം ജൈവവളം)കാർഷിക വസ്തുക്കൾ കേരള അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം അനുബന്ധരേഖകളായ തിരിച്ചറിയൽ രേഖ, കരം തീർത്ത രസീത് എന്നിവയുടെ പകർപ്പ് സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷ നമ്പർ | പേര്, വിലാസം |
|---|---|---|
| 1 | 130 | മഞ്ജുഷ, മാമ്പള്ളി |
| 2 | 103 | ഗോപിക ഗോപാലകൃഷ്ണ മന്ദിരം |

ബി)പ്രോജക്ട് പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷനിൽ നിന്നും 220 യൂണിറ്റ് കാർഷിക വസ്തുക്കൾ വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്ററിൽ 215 യൂണിറ്റിന്റെ വിതരണ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സി)ഗുണഭോക്താക്കൾ സമർപ്പിച്ച ക്രമ നമ്പർ 15 മുതൽ ക്രമ നമ്പർ 80 വരെയുള്ള അപേക്ഷകൾ കൃഷി ഓഫീസറോ കൃഷി അസിസ്റ്റന്റോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കോവിഡ് സാഹചര്യത്തിൽ കർഷകരിൽ നിന്നും അനുബന്ധ രേഖകൾ വാങ്ങി സൂക്ഷിക്കാൻ സാധിച്ചിട്ടില്ലായെന്നും പ്രസ്തുത കർഷകർക്ക് കൃഷി സ്ഥലം ഉണ്ടെന്ന് ബോധ്യപ്പെട്ടതിനാലാണ് ആനുകൂല്യം അനുവദിച്ചത് എന്നുമാണ് വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 32/16.05.2022 ന്റെ മറുപടി). കൂടാതെ, വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിലെ അപാകതമൂലമാണ് യൂണിറ്റിൽ കുറവ് സംഭവിച്ചതെന്നും അറിയിച്ചിട്ടുണ്ട്. അപേക്ഷകളും വിതരണ രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 ഫലവൃക്ഷതൈ വിതരണം -സ്ഥലത്തിന്റെ വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO154/21 |
| പ്രോജക്ടിന്റെ പേര് | ഫലവൃക്ഷതൈ വിതരണം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 500000(വികസന ഫണ്ട്) |
| ചെലവ് | 500000 |

| | |
|---|---|
| ബിൽ നമ്പർ | 189/18.02.2021 |

സുഭിക്ഷ കേരളം പദ്ധതി പ്രകാരം ഫലവൃക്ഷത്തെ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ആകെ 2000 ഫലവൃക്ഷങ്ങളാണ് വിതരണം ചെയ്യുന്നത്. കുറഞ്ഞത് 2 സെന്റ് സ്ഥലം ഉള്ളവർക്കാണ് ഫലവൃക്ഷത്തെ വിതരണം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)അംഗീകൃത പ്രോജക്ട് പ്രകാരം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഒരാൾക്ക് ഒന്നിൽ കൂടുതൽ യൂണിറ്റ് അനുവദിക്കാവുന്നതാണ്. എന്നാൽ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയവരുടെ സ്ഥലവിസ്തൃതിയുടെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ ലഭ്യമാക്കാത്തതിനാൽ ആയത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബി)വിതരണ രജിസ്റ്റർ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ക്രമ നമ്പർ 45 മുതൽ 151 വരെയുള്ള ഗുണഭോക്താക്കളുടെ അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കോവിഡ് സാഹചര്യത്തിൽ കർഷകരിൽ നിന്നും അനുബന്ധ രേഖകൾ വാങ്ങി സൂക്ഷിക്കാൻ സാധിച്ചിട്ടില്ലായെന്നും പ്രസ്തുത കർഷകർക്ക് കൃഷി സ്ഥലം ഉണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ ആനുകൂല്യം അനുവദിച്ചത് എന്നുമാണ് വിശദീകരിച്ചിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നമ്പർ 32/16.05.2022ന്റെ മറുപടി). കൂടാതെ, വിതരണ രജിസ്റ്ററിൽ കൃഷി ഭൂമിയുടെ വിശദാംശം രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപേക്ഷകളും വിതരണ രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 മൺചട്ടിയിൽ പച്ചക്കറികൃഷി - കൈപ്പറ്റ് രേഖകൾ കൃത്യമായും പരിപാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO046/21 |
| പ്രോജക്ടിന്റെ പേര് | മൺചട്ടിയിൽ പച്ചക്കറികൃഷി |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 540000<br>(405000 വികസന ഫണ്ട്+18750 ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 540000 |
| ബിൽ നമ്പർ | 160/21.01.2021 |

പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി മൺചട്ടിയിൽ പോട്ടിംഗ് മിശ്രിതം നിറച്ച് തൈകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഒരു യൂണിറ്റിൽ 10 മൺചട്ടിയും തൈകളും ഉൾപ്പെട്ട മുന്നൂറ് യൂണിറ്റുകളാണ് പദ്ധതി പ്രകാരം വിതരണം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)പദ്ധതി പ്രകാരം ആകെ 127 ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ 77 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത യൂണിറ്റുകളിലും തിരുത്തൽ വരുത്തിയിട്ടുണ്ട്.

ബി)വിതരണ രജിസ്റ്ററിൽ ക്രമ നമ്പർ 117 മുതൽ 121 വരെയും 123 മുതൽ 127 വരെയും രേഖപ്പെടുത്തിയിട്ടുള്ള ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല.

സി)അംഗീകൃത പ്രോജക്ട് പ്രകാരം, സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഒരാൾക്ക് ഒന്നിൽ കൂടുതൽ യൂണിറ്റ് അനുവദിക്കാവുന്നതാണ്. എന്നാൽ, പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിതരണ മാനദണ്ഡം കൃത്യമല്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പേര് | സ്ഥല വിസ്തൃതി | നൽകിയ യൂണിറ്റ് |
|---|---|---|
| ഗിരിജ കുമാരി, നിഷ ഭവൻ | 5 ആർ 46 ച .മീ | 3 |
| സ്വർണമ്മ, അരുൺ നിവാസ് | 6 ആർ 68 ച.മീ | 1 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.32/16.05.2022 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപേക്ഷകളും വിതരണ രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-31 തെങ്ങ്കൃഷി വികസനം - അപേക്ഷകളുടെയും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പിൽ അപാകം

| | |
|---|---|
| പ്രോജക്ട് | SO051/21 |

| | |
|---|---|
| നമ്പർ | |
| പ്രോജക്ടിന്റെ പേര് | തെങ്ങ്കൃഷി വികസനം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 658800<br>(638100 വികസന ഫണ്ട്)+20700(ഗുണഭോക്തൃ വിഹിതം)) |
| ചെലവ് | 658800 |

തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തെങ്ങിൻ തൈകളും കുമ്മായവും ജൈവവളവും വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവയുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എ)പദ്ധതി പ്രകാരം ആകെ 92 ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ 25 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത യൂണിറ്റുകളിലും തിരുത്തൽ വരുത്തിയിട്ടുണ്ട്.

ബി)വിതരണ രജിസ്റ്റർ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ക്രമ നമ്പർ 88 മുതൽ 115 വരെയുള്ള ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പമുള്ള അനുബന്ധ രേഖകൾ (തിരിച്ചറിയൽ രേഖ, കരം തീർത്ത രസീത്) ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.32/16.05.2022 ന് ലഭിച്ച മറുപടിയിൽ കോവിഡ് സാഹചര്യത്തിൽ കർഷകരിൽ നിന്നും അനുബന്ധ രേഖകൾ വാങ്ങി സൂക്ഷിക്കാൻ സാധിച്ചിട്ടില്ലായെന്നും പ്രസ്തുത കർഷകർക്ക് കൃഷി സ്ഥലം ഉണ്ടെന്ന് ബോധ്യപ്പെട്ടതിനാലുമാണ് ആനുകൂല്യം അനുവദിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപേക്ഷകളും വിതരണ രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-32 കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ- മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി

I)

| | |
|---|---|
| പ്രോജക്ട് നമ്പർ | SO036/21 |
| പ്രോജക്ടിന്റെ പേര് | വാഴകൃഷി വികസനം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 73600(വികസന ഫണ്ട്) |
| ചെലവ് | 73600 |
| ബിൽ നം | 191/18.02.2021 |

വാഴകൃഷി വ്യാപിക്കുന്നതിനായി കർഷകർക്ക് വാഴക്കന്ന്, ടിഷ്യൂ കൾച്ചർ വാഴത്തൈ എന്നിവ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.

ബി)താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ 2 തവണ സമർപ്പിച്ച് ഇതേ സ്ഥലവിസ്തൃതിയുള്ള മറ്റ് ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ ഇരട്ടി യൂണിറ്റ് പദ്ധതി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നമ്പർ | അപേക്ഷ/വിതരണ രജിസ്റ്റർ ക്രമ നമ്പറുകൾ | പേര്/ വിലാസം |
|---|---|---|

| | | |
|---|---|---|
| 1 | 11, 31 | ബി.ലത വലിയ കുഴി, നെടുങ്ങണ്ട |
| 2 | 54, 70 | കൃഷ്ണകുമാരി, മുരളി ഭവൻ, കായിക്കര |
| 3 | 37, 61 | ഗിരിജ, വലിയ കുഴിവീട്, നെടുങ്ങണ്ട |
| 4 | 28, 66 | തുഷാര, നിഷാ നിവാസ്, നെടുങ്ങണ്ട |

II)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0052/21 |
| പ്രോജക്റ്റിന്റെ പേര് | വീട്ടു വിളപ്പിൽ പോഷകത്തോട്ടം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 38000(വികസന ഫണ്ട്) |
| ചെലവ് | 38000 |
| ബിൽ നമ്പർ | 157/21.01.2021 |

വീട്ടുവളപ്പിൽ പോഷക തോട്ടം നിർമ്മാണം വ്യാപിപ്പിക്കുന്നതിനായി 5 ഇനം തൈകൾ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ 2 തവണ സമർപ്പിച്ച് ഇതേ സ്ഥലവിസ്തൃതിയുള്ള മറ്റ് ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ ഇരട്ടി യൂണിറ്റ് പദ്ധതി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്.

III)

| ക്രമ നമ്പർ | അപേക്ഷ/ വിതരണ രജിസ്റ്റർ ക്രമ നമ്പരുകൾ | പേര്/ വിലാസം |
|---|---|---|
| 1 | 9, 74 | സജിത പുത്തൻവീട്, നെടുങ്ങണ്ട |
| 2 | 53, 69 | ഉഷ, പറമ്പിൽ വീട് |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0153/21 |
| പ്രോജക്റ്റിന്റെ പേര് | തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി മരച്ചീനി കൃഷി |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 76000(വികസന ഫണ്ട്) |
| ചെലവ് | 76000 |
| ബിൽ നമ്പർ | 190/18.02.2021 |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു..

എ)വിതരണ രജിസ്റ്റർ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ക്രമ നമ്പർ 57, 58 എന്നിവയും 68 മുതൽ 100 വരെയുമുള്ള ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പമുള്ള അനുബന്ധ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ബി)താഴെപ്പറയുന്ന ഗുണഭോക്താവിന്റെ അപേക്ഷകൾ 2 തവണ സമർപ്പിച്ച് ഇതേ സ്ഥലവിസ്തൃതിയുള്ള മറ്റ് ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ ഇരട്ടി യൂണിറ്റ് പദ്ധതി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്.

| അപേക്ഷ/വിതരണ രജിസ്റ്റർ ക്രമ നമ്പരുകൾ | പേര്/ വിലാസം |
|---|---|
| 52, 69 | മിനി ജയറാം, കെ.ആർ മന്ദിരം |

IV)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0034/21 |
| പ്രോജക്റ്റിന്റെ പേര് | കിഴങ്ങ് വർഗങ്ങളുടെ കിറ്റ് വിതരണം |

| | |
|---|---|
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 275000<br>(256250 വികസന ഫണ്ട്)+18750ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 275000 |
| ബിൽ നമ്പർ | 126/10.11.2021(256250)+ചെക്ക് വിശദാംശം ലഭ്യമാക്കിയില്ല |

എ)മേൽ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വിതരണ രജിസ്റ്റർ നമ്പർ | പേര് |
|---|---|---|
| 1 | 72 | ശ്രീജയ, കുന്നുകുളം |
| 2 | 83 | അമലോത്ഭവ വയലിൽ വീട് |
| 3 | 102 | സിന്ധു, മുത്തുചെട്ടി വാട |

ബി)താഴെപ്പറയുന്ന ഗുണഭോക്താവിന്റെ അപേക്ഷകൾ 2 തവണ സമർപ്പിച്ച് ഇതേ സ്ഥലവിസ്തൃതിയുള്ള മറ്റ് ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ ഇരട്ടി യൂണിറ്റ് പദ്ധതി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്.

| അപേക്ഷ/വിതരണ രജിസ്റ്റർ ക്രമ നമ്പറുകൾ | പേര്/ വിലാസം |
|---|---|
| 102,146 | സിന്ധു, മുത്തു ചെട്ടിവാട, മുടിപ്പുര |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.32/16.05.2022 ന് ലഭിച്ച മറുപടിയിൽ കോവിഡ് സാഹചര്യത്തിൽ കർഷകരിൽ നിന്നും അനുബന്ധ രേഖകൾ വാങ്ങി സൂക്ഷിക്കാൻ സാധിച്ചിട്ടില്ലായെന്നും പ്രസ്തുത കർഷകർക്ക് കൃഷി സ്ഥലം ഉണ്ടെന്ന് ബോധ്യപ്പെട്ടതിനാലുമാണ് ആനുകൂല്യം അനുവദിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ മേൽ പ്രോജക്ടുകൾ പ്രകാരം ഒരേ ഗുണഭോക്താവിന് ഒന്നിൽ കൂടുതൽ യൂണിറ്റ് അനുവദിക്കാം എന്നാണ് അറിയിച്ചിട്ടുള്ളത്. അംഗീകൃത പ്രോജക്ട് പ്രകാരം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് ഒന്നിൽ കൂടുതൽ യൂണിറ്റ് അനുവദിക്കുന്നത്. എന്നാൽ അധിക സ്ഥല വിസ്തൃതിയുടെ രേഖകൾ കൂടാതെയാണ് രണ്ടാമത് അപേക്ഷ സമർപ്പിച്ച് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്. കൂടാതെ, മേൽ ഗുണഭോക്താക്കൾ ഓരോ തവണ ആനുകൂല്യം കൈപ്പറ്റിയപ്പോഴും ഒന്നിൽ കൂടുതൽ യൂണിറ്റ് അനുവദിച്ച് നൽകിയിട്ടുമുണ്ട്(ഇതേ സ്ഥലവിസ്തൃതിയുള്ള മറ്റ് ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ ഇരട്ടി യൂണിറ്റ് ആകെ അനുവദിച്ചിട്ടുണ്ട്). പദ്ധതി ആനുകൂല്യം നൽകുമ്പോൾ അംഗീകൃത പ്രോജക്ട് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് ആനുകൂല്യം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-33 പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകകൾ ക്രമീകരിക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ | 18/21 |
| അടങ്കൽ | 6,00,000/-<br>(വികസന ഫണ്ട് 300000 മറ്റുള്ളവ -300000) |
| ചെലവ് | 2,25,000/- |

| | |
|---|---|
| ബിൽ നമ്പർ | 3/19.3.21 |

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ വെറ്റിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി 2020-21 വർഷം 18 ഗുണഭോക്താക്കൾക്കായി 2,25,000/- രൂപ SLBP ഡെപ്യൂട്ടിഡയറക്ടർക്ക് നൽകിയതിൽ നാളിതുവരെ 1,56,455.50 രൂപ ചെലവാക്കിയിട്ടുണ്ട്.

2017-18വർഷം മുതൽ 2020-21 വരെ പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി ചെലവാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക | ചെലവായ തുക | ബാക്കി |
|---|---|---|---|
| 2017-18 | 50000 | 48938 | 1062 |
| 2018-19 | 250000 | 244739.5 | 5260.5 |
| 2019-20 | 300000 | 298157 | 1843 |
| 2020-21 | 225000 | 156455.5 | 68544.5 (പദ്ധതി തുടരുന്നു) |

ഓഡിറ്റ് അന്വേഷണം നമ്പർ 5/11.5.22 ന് മറുപടിയായി വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട്. പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി വിവിധ വർഷങ്ങളിൽ നൽകിയ തുകകളിൽ ചെലവാക്കാതെ ബാക്കി നിൽക്കുന്ന തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-34 തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണം - ഫലപ്രാപ്തി ഉറപ്പാക്കണം

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവുനായ്ക്കളുടെ ജനന നിയന്ത്രണം |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ | 28/21 |
| അടങ്കൽ | 48,300/- |
| ചെലവ് | 48,300/- |
| ബിൽ നം/വൗച്ചർ നം | 06/20-21/27.3.21 |

ഗ്രാമപഞ്ചായത്തിലെ, അലഞ്ഞു തിരിയുന്ന തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. 23 തെരുവ് നായ്ക്കൾക്കാണ് പദ്ധതി പ്രകാരം വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയിട്ടുള്ളത്. പട്ടിപിടിത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്കാണ് പ്രോജക്ടിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. ഇതിലേക്കായി നായ ഒന്നിന് 2100/- രൂപ വകയിരുത്തി 48,300/-രൂപ മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് കൈമാറി. 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ, ഇവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. സ.ഉ (സാധാ) നം.3247/2016/തസ്വഭവ തീയതി 30-11-2016 പ്രകാരം പരിശീലനം സിദ്ധിച്ച കുടുംബശ്രീ എ.ബി.സി. മൈക്രോ യൂണിറ്റുകളെയാണ് ഇതിനായി നിയോഗിക്കേണ്ടത്. എന്നാൽ പദ്ധതി നടപ്പിലാക്കാൻ മൈക്രോ യൂണിറ്റുകളെ ചുമതലപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 04

/11.5.22) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. പദ്ധതിയുടെ കൂടുതൽ വിവരം ലഭ്യമാക്കുന്നതിന് കുടുംബശ്രീ ജില്ലാ കോർഡിനേറ്റർക്ക് കത്ത് നൽകിയതായും വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി പഞ്ചായത്തിലെ തെരുവുനായ്ക്കളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോയെന്ന വിഷയം കൂടി പരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണ്.

## 1-35 മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വ്യാപകമായി റിവൈസ് ചെയ്യുന്നു

2020-21 വർഷം അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ വ്യാപകമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2ലും പ്രതിപാദിച്ചിട്ടുണ്ട്. വ്യാപകമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരിക്കുന്നതിന് കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ 29/16.5.2022 നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ വിശദമായി സ്ഥലം പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സമയവും സൗകര്യങ്ങളും ലഭ്യമല്ലാത്തതിനാലും ജനങ്ങളുടേയും ജനപ്രതിനിധികളുടെയും ആവശ്യപ്രകാരവും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവരുന്നുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

സമയവും സൗകര്യങ്ങളും ലഭ്യമല്ലാത്തതിനാൽ വിശദമായി സ്ഥലം പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സാധിക്കുന്നില്ല എന്നുള്ള മറുപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല. സൈറ്റ് കണ്ടീഷൻ, ഡിസൈൻ, പദ്ധതിയുടെ ആവശ്യകത, പ്രത്യേകതകൾ, സ്ഥലം ഏറ്റെടുക്കൽ, തൃപ്തികരമായ പൂർത്തീകരണത്തിൽ വന്ന ഭവിച്ചേക്കാവുന്ന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ എസ്റ്റിമേറ്റിന്റെ ഭാഗമാകേണ്ടതുണ്ട്. പദ്ധതികളുടെ ലക്ഷ്യം പൂർണമായി നടപ്പിലാകണമെങ്കിൽ കൃത്യമായ എസ്റ്റിമേറ്റ് ഉണ്ടാവേണ്ടതുണ്ട്. ആയതിനാൽ സൈറ്റുകൾ കൃത്യമായി സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്.

## 1-36 ഓവർഹെഡ്സ് ചാർജ്ജ് നൽകുന്നത്-പഞ്ചായത്തിന് അധികചെലവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. ഇത് മുഖേന തയ്യാറാക്കിയ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർ ഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും ഉൾപ്പെടുത്തിയാണ് നിരക്കുകൾ കണക്കാക്കിയിരിക്കുന്നത്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ മോർഡ് പ്രകാരമുള്ള വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആമുഖ ഭാഗത്ത്, അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ഖണ്ഡിക 4- ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച കൊണ്ടാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3.ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4.മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5.മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6.വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7.നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

ഒരു വലിയ റോഡിന്റെ പൂർണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതു വഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നത് മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാരതുക പൂർണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്.

വലിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ഇന്റർലോക്കിംഗ് പോലുള്ള ചെറിയ പ്രവൃത്തികൾക്കും നൽകിയതു വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

[ഉദാ.2020-21 വർഷം 13 ഇന്റർലോക്കിംഗ് പ്രവൃത്തികൾ പഞ്ചായത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. അതിൽ ഭൂരിഭാഗം പ്രവൃത്തികൾക്കും 60mm ഇന്റർലോക്കിംഗിന്റെ വിലയായി ഡേറ്റ 6.7.2 പ്രകാരമുള്ള 753.38 രൂപ(10% ഓവർ ഹെഡ്ഡ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടെ) തന്നെ നൽകിയിട്ടുമുണ്ട്.]

PRICE LSGD സോഫ്റ്റ്‌വെയർ ഡേറ്റ എഡിറ്റ് ചെയ്യുവാൻ സാധിക്കാത്തതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ28/16.05.2022.) മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

കരാർ ഏറ്റെടുക്കുന്ന കരാറുകാരുമായി നെഗോഷ്യേറ്റ് ചെയ്ത് ഇത്തരം അധികചെലവ് ഒഴിവാക്കുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-37 ടെണ്ടർ നടപടിക്രമങ്ങൾ പൂർണമായും പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളിൽ ഭൂരിഭാഗം പ്രവൃത്തികളിലും രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭ്യമായിരിക്കുന്നത്. ചില പ്രവൃത്തികളിൽ ഒരു ടെണ്ടർ മാത്രമാണ് ലഭ്യമായിരിക്കുന്നത്. (ഉദാ.തോണിക്കടവ് റോഡ് അറ്റകുറ്റപണി-96/21, മേടവിളാകം നടപ്പാത ഇന്റർലോക്കിംഗ്-61/21). ഈ പ്രവൃത്തികളിലെല്ലാം എസ്റ്റിമേറ്റ് നിരക്കിൽ തന്നെയാണ് കരാർ നൽകിയിരിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -30 തീയതി 16.05.2022നു മറുപടിയായി അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ കോവിഡ് വ്യാപനം രൂക്ഷമായിരുന്ന സമയത്ത് മേൽ ടെണ്ടറുകൾ ഏറ്റെടുക്കുവാൻ കരാറുകാരൊന്നും തയ്യാറായിരുന്നില്ലായെന്നും 2 പ്രാവശ്യം ടെണ്ടർ നടത്തിയിട്ടും കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാത്ത സാഹചര്യമായിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്.

ജി ഒ(പി) നം 324/2015ഫിൻ തീ 30.7.2015 അനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് മാത്രം ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും മത്സരാധിഷ്ഠത ടെണ്ടറുകളിലുണ്ടാകുന്ന കുറവ് പഞ്ചായത്തിന്റെ സാമ്പത്തിക നഷ്ടത്തിന് കാരണമാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-38 1,18,65,773/-രൂപ ചെലവാക്കിയ വാക്കം കുളം കുടിവെള്ള പദ്ധതി ഉപേക്ഷിച്ചു

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വാക്കംകുളം കുടിവെള്ള പദ്ധതിക്കായി 2017-18 വർഷത്തെ ചെലവ് പത്രിക പ്രകാരം 1,18,65,773/-രൂപ ചെലവാക്കിയിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നമ്പർ 31ന് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് എടുത്തുനൽകുന്നതിന് വാട്ടർ അതോറിറ്റിയോട് 12.10.2021ലെ 1(1) നം കമ്മിറ്റി തീരുമാനം പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും പദ്ധതി വിജിലൻസ് അന്വേഷണത്തിലായതിനാൽ എസ്റ്റിമേറ്റ് എടുത്തു നൽകുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാകാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചതായും ഓഡിറ്റ് എൻക്വയറി നം -6ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. 1,18,65,773/-രൂപ ചെലവാക്കിയിട്ടുള്ള പദ്ധതി പുനരുദ്ധാരണ പ്രവൃത്തിക്ക് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് എടുത്തു നൽകിയില്ല എന്ന കാരണത്താൽ ഉപേക്ഷിച്ചു എന്ന മറുപടിയിൽ വ്യക്തതയില്ല. പദ്ധതിയുടെ ഫയൽ വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരിക്കുന്നതിനാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ കൂടുതൽ വിവരങ്ങൾ വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 49 തീയതി 19.5.22ന് മറുപടി ലഭ്യമാക്കിയില്ല.

പദ്ധതിക്കായി ഫീസിബിലിറ്റി പഠനം നടത്തിയതിന്റെ വിവരം, പദ്ധതി ഉപേക്ഷിക്കുവാനുള്ള കാരണം, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, പദ്ധതിക്കായി നാളിതുവരെ ചെലവാക്കിയ തുകയുടെ വിശദവിവരം, ചെയ്ത പ്രവൃത്തികൾ, പദ്ധതിയുടെ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. 2017-18 ൽ വൻ തുകയുടെനിർമ്മാണപ്രവൃത്തികൾ നിർവഹിച്ച് നവീകരിച്ചകുടിവെള്ള സ്രോതസ്സ് ഫലപ്രദമായ കുടിവെള്ള പദ്ധതിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-39 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - നിർവഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0015/21 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 150000 |
| ചെലവ് | 150000 |
| ബിൽ നമ്പർ | 03/19.11.2020 |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

1)ഹോമിയോ ഡിസ്പെൻസറിക്കായി ഹോംകോയിൽ നിന്ന് മരുന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ, ജില്ല മെഡിക്കൽ ഓഫീസറിൽനിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. മരുന്നുകളും ഉപകരണങ്ങളും വാങ്ങുമ്പോൾ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

2)LF 431/01.06.2021 ഇൻവോയ്സ് പ്രകാരം 31500/- രൂപയ്ക്ക് ആർസെനിക്കം ആൽബം എന്ന മരുന്ന് ലഭ്യമാക്കിയിരുന്നു. പ്രസ്തുത മരുന്ന് പ്രൊഫോമ ഇൻവോയിസ് പ്രകാരം ഇൻഡന്റ് ചെയ്തിരുന്നില്ല. ഈ മരുന്നുകൾ സ്റ്റോക്കിൽ അധികമുണ്ടായിരുന്നതിനാൽ തിരികെ എടുക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നെങ്കിലും മരുന്ന് തിരികെ കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമല്ല. പകരം മരുന്നുകൾ ആവശ്യപ്പെട്ടെങ്കിലും ലഭിച്ചിട്ടുമില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3 ന ലഭിച്ച മറുപടി പ്രകാരം മരുന്നുകൾ തിരികെയെടുത്ത് പകരം മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ ഉടൻ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ മടക്കി നൽകി പകരം മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 ഫാർമസിസ്റ്റിന്റെ നിയമനം-വിശദാംശങ്ങൾ ലഭ്യമല്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | SO093/21 | |
| പ്രോജക്ടിന്റെ പേര് | ഫാർമസിസ്റ്റിന് വേതനം | |
| അടങ്കൽ | 200000 (പൊതുവിഭാഗം) | |
| ചെലവ് | 156803 | |
| ബിൽ നമ്പർ | 177/16.02.21 | 12100/- |
| | 232/11.03.21 | 16500/- |
| | 284/29.03.21 | 16500/- |
| | 68/11.07.20 | 15400/- |
| | 76/14.08.20 | 16500/- |
| | 88/09.09.20 | 16500/- |
| | 107/12.10.20 | 16500/- |
| | 135/11.11.20 | 16500/- |
| | 166/22.01.21 | 14903/- |
| | 164/22.01.21 | 15400/- |
| | ആകെ | 156803 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (CHC) | |

പദ്ധതി പ്രകാരം ഫാർമസിസ്റ്റിന ശമ്പളം നൽകിയിട്ടുണ്ട്. ഫാർമസിസ്റ്റിനെ തെരെഞ്ഞെടുത്തതിന്റെയും നിയമിച്ചതിന്റെയും നടപടി ക്രമങ്ങൾ വ്യക്തമല്ല. ഇതിന വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24ന മറുപടി ലഭ്യമാക്കിയിട്ടില്ല .

ഫാർമസിസ്റ്റിന്റെ നിയമനം സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-41 മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- തുക പൂർണമായും അനുവദിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO024/21 |
| പ്രോജക്ടിന്റെ പേര് | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 741000 (370500വികസന ഫണ്ട്+185250 ബ്ലോക്ക് പഞ്ചായത്ത് വിഹിതം+185250 ജില്ല പഞ്ചായത്ത് വിഹിതം) |
| ചെലവ് | 577375 |

സ.ഉ.(കൈ)നം.22/2018/തസ്വഭവ 14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം 28500/- രൂപ നൽകാവുന്നതാണ്. മേൽ പ്രോജക്ടിൽ 9 ഗുണഭോക്താക്കൾക്ക് 2020-21 വർഷത്തെ സ്കോളർഷിപ്പ് തുക പൂർണമായും അനുവദിച്ചു നൽകിയിട്ടില്ല (21375/- രൂപ വാർഷിക തുക മാത്രം അവനുവദിച്ചു). മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ11/12.05.2022) ലഭിച്ച മറുപടിയിൽ ജില്ലാ പഞ്ചായത്ത് വിഹിതം പൂർണമായും ലഭിക്കാത്തതിനാലാണ് തുക അനുവദിക്കാത്തത് എന്നാണ് അറിയിച്ചത്. സ.ഉ.(കൈ)നം.11/2018/തസ്വഭവ 29.01.2018 പദ്ധതി മാർഗ്ഗരേഖ പ്രകാരം

ഖണ്ഡിക 5.2.1(4)] പ്രകാരം വികസന ഫണ്ടിൽ നിന്നും നിർബന്ധമായി നീക്കി വയ്ക്കേണ്ട ഇനമാണ് ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും. തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 21.04.21-ലെ ഡി എ 1/401/2019-നമ്പർ സർക്കുലർ പ്രകാരം പദ്ധതിയ്ക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. 25.01.19- ലെ ഡി.എ.1/19/2019 നമ്പർ സർക്കുലർ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മുഴുവൻ സ്കോളർഷിപ്പും ബത്തയും എല്ലാ മാസവും കൃത്യമായി നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ മുഖേന പഞ്ചായത്തിന് കൈമാറേണ്ടതും മതിയായ തുക മാറ്റിവെക്കുന്നുണ്ടെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഉറപ്പുവരുത്തേണ്ടതുമാണ്. ഭിന്നശേഷിക്കാർക്ക് അർഹമായ മുഴുവൻ തുകയും വിതരണം ചെയ്യാൻ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-42 അങ്കണവാടി പോഷകാഹാരം - സ്റ്റോക്ക് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0014/21 |
| പ്രോജക്ടിന്റെ പേര് | അനുപൂരക പോഷകാഹാര പദ്ധതി |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 2000000(450000 വികസന ഫണ്ട് +1550000 കേന്ദ്രാവിഷ്കൃതഫണ്ട്) |
| ചെലവ് | 1553270/-(450000+1103270) |

അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് സെന്റർ നമ്പർ 9, 12, 16, 20, 24 എന്നീ അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സ്റ്റോക്ക് രജിസ്റ്ററിൽ ഭക്ഷ്യ വസ്തുക്കളുടെ അളവ് കൃത്യമായി രേഖപ്പെടുത്തുന്നില്ല. കൂടാതെ വിതരണ രജിസ്റ്ററിൽ ഭക്ഷ്യ വസ്തുക്കളുടെ അളവുകൾ വെട്ടിത്തിരുത്തിയും വൈറ്റ് മാർക്കർ ഉപയോഗിച്ച് മാറ്റം വരുത്തിയും രേഖപ്പെടുത്തുന്നു.

ഉദാ-സെന്റർ നമ്പർ 9, സെന്റർ നമ്പർ 12, സെന്റർ നമ്പർ 20, സെന്റർ നമ്പർ 24

2)അംഗനവാടി സ്റ്റോക്ക് രജിസ്റ്ററും വിതരണ രജിസ്റ്ററും കൃത്യമായും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നമ്പർ, അങ്കണവാടി വർക്കർമാരുടെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വിതരണ രജിസ്റ്ററിൽ പോഷകാഹാര വിതണം കൂടാതെ മറ്റ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നു.

ഉദാ-സെന്റർ നമ്പർ 24, സെന്റർ നമ്പർ 9, സെന്റർ നമ്പർ 20

3)അങ്കണവാടികളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും അങ്കണവാടി വർക്കർമാർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| മാസം (2020) | അങ്കണവാടി നമ്പർ | ഐ.സി.ഡി.എസ് സ്റ്റോക്ക് രജിസ്റ്റർ ഇനം (Kg) | അങ്കണവാടി സ്റ്റോക്ക് രജിസ്റ്റർ(kg) |
|---|---|---|---|
| ജൂലൈ | 24 | എണ്ണ - 5 | എണ്ണ-4 |
| ഡിസംബർ | 24 | അരി -35 | അരി-45 |
| നവംബർ | 12 | റവ -11 | റവ-8 |
| ഏപ്രിൽ | 12 | അരി-5 | അരി-10 |
| ജൂലൈ | 9 | ശർക്കര-8 | ശർക്കര-7 |

4)ഫുഡ് സ്റ്റോക്ക് രജിസ്റ്ററിലെ മുന്നിരിപ്പ് നീക്കിയിരിപ്പ് അളവുകൾ പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗനവാടി നം | ഇനം | മാസം (2020) | നീക്കിയിരിപ്പ്(kg) | മാസം | മുന്നിരിപ്പ് (Kg) |
|---|---|---|---|---|---|
| 9 | ശർക്കര | മെയ് | 4.25 | ജൂൺ | 3.44 |
| 20 | ഗോതമ്പ് | ആഗസ്റ്റ് | 2.090 | സെപ്റ്റംബർ | 3.590 |

| | | | | | |
|---|---|---|---|---|---|
| 20 | എണ്ണ | ആഗസ്റ്റ് | 0.980 | സെപ്റ്റംബർ | 2.460 |
| 20 | കപ്പലണ്ടി | ആഗസ്റ്റ് | 0 | സെപ്റ്റംബർ | .590 |
| 20 | ശർക്കര | ആഗസ്റ്റ് | 0 | സെപ്റ്റംബർ | 1.20 |
| 20 | റവ | ആഗസ്റ്റ് | 0 | സെപ്റ്റംബർ | 7.900 |
| 20 | അരി | ആഗസ്റ്റ് | 0 | സെപ്റ്റംബർ | 13.660 |
| 20 | പയർ | ആഗസ്റ്റ് | 0 | സെപ്റ്റംബർ | 1.305 |

5)അങ്കണവാടി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ഭക്ഷ്യ വസ്തുക്കൾ മറ്റ് അങ്കണവാടികളിലേയ്ക്ക് വിതരണം ചെയ്യുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയോ കൈപ്പറ്റ് വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഉദാ-സെന്റർ നമ്പർ 9, 12, 16, 20, 24

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/13.05.2022 ന് ലഭിച്ച മറുപടിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ പിഴവ് മൂലമാണ് മേൽ അപാകത സംഭവിച്ചിട്ടുള്ളതെന്നും ആയത് പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള രേഖകൾ കൃത്യമായും എഴുതി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കണക്കുകൾ തെറ്റായി രേഖപ്പെടുത്തുന്നതും ആയത് പരിശോധന നടത്താത്തതും ഗുരുതരമായ വീഴ്ചയാണ് . സർക്കാർ നിർദ്ദേശ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് രേഖകൾ സൂക്ഷിക്കുന്നതിനും ആയത് പരിശോധിച്ച് ഉറപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-43 അങ്കണവാടിക്ക് വാട്ടർ കണക്ഷൻ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO108/21 |
| പ്രോജക്റ്റിന്റെ പേര് | 14-ാം നമ്പർ അങ്കണവാടി ക്ക് വാട്ടർ കണക്ഷൻ |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 10000(തനത് ഫണ്ട്) |
| ചെലവ് | 8673 |

ഗ്രാമപഞ്ചായത്തിലെ 14-ാം നമ്പർ അങ്കണവാടിയ്ക്ക് വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനായാണ് മേൽ പ്രോജക്റ്റ് വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മേൽ പദ്ധതിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
2)സ.ഉ(കൈ)നം.11/2018/തസ്വഭവ തീ.29.01.2018 പദ്ധതി മാർഗരേഖ ഖ.3.5.1(3)(V) പ്രകാരം വൈദ്യുതി ബോർഡ്, ജല അതോറിറ്റി മുതലായ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ തുടർ നടപടികൾ തദ്ദേശ ഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതിനാൽ സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 39/17.05.2022) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-44 അങ്കണവാടി വെള്ളക്കരം ഇനത്തിൽ 487066/- രൂപയുടെ കുടിശ്ശിക

ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 21 അങ്കണവാടിയിലെ വെള്ളക്കരം നാളിതുവരെ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടില്ല(കൺസ്യൂമർ നം.AMT/1163/N). പ്രസ്തുത അങ്കണവാടിയുടെ വെള്ളക്കരകുടിശ്ശിക തുകയുടെ വിവരം ലഭ്യമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/12.05.2022 ന് ലഭിച്ച മറുപടിയിൽ നാളിതുവരെ 487066/- രൂപയുടെ കിടിശ്ശിക നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്. വെള്ളക്കരം സമയബന്ധിതമായി

ഒടുക്കവരുത്താതെ കുടിശ്ശിക വരുത്തിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. കൂടാതെ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വെള്ളക്കരം ഒടുക്ക് വരുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-45 അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളിൽ ചുവടെച്ചേർക്കുന്ന അപര്യാപതതകളുണ്ട്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം.

| ക്രമ നമ്പർ | ഇനം | അങ്കണവാടി കളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 11 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 8 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 10 |
| 4 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 24 |
| 5 | റോഡിന് സമീപത്ത് അല്ലാത്തവ | 7 |
| 6 | കളിസ്ഥലം ഇല്ലാത്തവ | 5 |
| 7 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 8 |
| 8 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 21 |
| 9 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 22 |
| 10 | സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡില്ലാത്തവ | 24 |
| 11 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 24 |
| 12 | ഫയൽ റാക്ക് ഇല്ലാത്തവ | 24 |

| | | |
|---|---|---|
| 13 | പരാതിപ്പെട്ടി ഇല്ലാത്തവ | 24 |

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവൽകരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി നാളിതുവരെ രൂപവൽകരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.11/12.05.2022 ന് ലഭ്യമാക്കിയ മറുപടിയിൽ കമ്മിറ്റി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കമ്മിറ്റി രൂപീകരിക്കാനും കൃത്യമായി യോഗം ചേർന്ന് അങ്കണവാടി പ്രവർത്തനം മെച്ചപ്പെടുത്താനും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-46 ജാഗ്രത സമിതി - സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടില്ല

സ്ത്രീകളും പെൺകുട്ടികളും സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ജാഗ്രത സമിതികൾ. ജി.ഒ(എം.എസ്) നം.31/07 സ.ക്ഷേ.വ തീ.23.06.2007 ഉത്തരവ് പ്രകാരമുള്ള മാർഗരേഖ ഭാഗം 1.7 പ്രകാരം ജാഗ്രത സമിതി ഓഫീസ് സജ്ജീകരിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജാഗ്രത സമിതി ഓഫീസിൽ കേസിന്റെ സിറ്റിംഗിനുള്ള സ്വകാര്യത ഉണ്ടാകണമെന്നും സ്വതന്ത്ര സംഭാഷണം നടത്താനുള്ള സൗകര്യം ഉണ്ടാകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, ഓഫീസ് പുറമേ നിന്ന് കാണത്തക്കവിധം ആസ്ഥാനത്തിന്റെ ബോർഡ് സ്ഥാപിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ജാഗ്രത സമിതി ഓഫീസ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/12.05.2022 ന് ലഭിച്ച മറുപടിയിൽ ഓഫീസ് റൂം സജ്ജീകരണത്തിനായി ഗ്രാമപഞ്ചായത്തിൽ അറിയിപ്പ് നൽകിയിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ജാഗ്രത സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-47 കരിമീൻ കൃഷി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | | കുളങ്ങളിലെ കരിമീൻ കൃഷി |
| പ്രോജക്ട് നമ്പർ | | S0151/21 |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് | 200000 | 120000 |
| ഗുണഭോക്തൃ വിഹിതം(നേരിട്ട് ചെലവഴിക്കുന്നത്) | 450000 | 0 |
| ഫിഷറീസ് വിഹിതം | 100000 | 0 |
| ആകെ | 750000 | 120000 |
| ബിൽ നമ്പർ | 282/29.03.2021 | |
| നിർവ്വഹണം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | |

കുളം നിർമ്മിച്ച് കരിമീൻ വളർത്തുന്നതിനായി 5പേർക്ക് 40000/- രൂപ വീതം സബ്സിഡി നൽകുന്നതിനായി വിഭാവനം ചെയ്ത പ്രോജക്ട്.

പ്രോജക്ട് പ്രോഫോമയിലെ Cash Flow Statement പ്രകാരമുള്ള Unit Cost ചെലവ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| സമയക്രമം 2020-21 | ചെലവിനം | ചെലവ് |
|---|---|---|

| | | |
|---|---|---|
| ജൂലൈ | കുളം ഒരുക്കൽ | 65000 |
| ഓഗസ്റ്റ് | മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ | 15000 |
| സെപ്റ്റംബർ | തീറ്റ, മറ്റ് ചെലവുകൾ | 70000 |
| ആകെ | | 150000 |

മൂന്ന് ഗുണഭോക്താക്കൾക്കായി 40000/- രൂപ വീതം സബ്സിഡി നല്കിയതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)പ്രോജക്ട് പ്രകാരം മത്സ്യബന്ധനം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗിന് വിധേയമാക്കേണ്ട ഘട്ടങ്ങൾ / ഘടകങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നമ്പർ | ഘട്ടം | ഘടകം |
|---|---|---|
| I | അടിസ്ഥാന സൌകര്യ വികസനം - വിത്ത് നിക്ഷേപിക്കുന്നതിന് മുൻപ് | അടിസ്ഥാന സൌകര്യം |
| Ii | മത്സ്യകൃഷി കാലയളവ് | മത്സ്യ വളർച്ച |
| Iii | മത്സ്യ വിളവെടുപ്പ് | മത്സ്യ ലഭ്യത |

മേൽ പരാമർശിച്ച വിവിധ ഘട്ടങ്ങൾ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. അക്വാകൾച്ചർ പ്രൊഡക്ഷൻ ആന്റ് അസസ്സ്മെന്റ് എന്ന പ്രോജക്ട് മോണിറ്ററിംഗ് ഫിഷറീസ് വകുപ്പ് തലത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 15/ 13.05.2022ന്റെ മറുപടി). എന്നാൽ, വിവിധ ഘട്ടങ്ങളിലെ മോണിറ്ററിംഗ് സംബന്ധമായ യാതൊരു രേഖയും ലഭ്യമാക്കിയില്ല.

ബി)ഫിഷറീസ് വകുപ്പിൽ നിന്നുമുള്ള വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ആവശ്യപ്പെട്ടതിന് മൂന്ന് ഗുണഭോക്താക്കൾക്കും 20000/- രൂപ വീതം സബ്സിഡി നൽകിയതിന്റെ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി. സുലേഖ ചെലവ് പത്രികയിൽ ഫിഷറീസ് വിഹിതം ചെലവഴിച്ചിട്ടില്ലായെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

അപാകങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-48 വല വാങ്ങൽ – പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങുന്നത് (SO) |
| പ്രോജക്ട് നമ്പർ | SO144/21 |
| അടങ്കൽ | 975000(വികസനഫണ്ട്) |
| ചെലവ് | 975000 |
| ബിൽ നമ്പർ | 37/20.05.2020 |
| നിർവ്വഹണം | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

39 മത്സ്യതൊഴിലാളികൾക്ക് 50000/- രൂപ വിലയുള്ള വല വാങ്ങി നൽകുന്നതിന് 2019-20 വർഷം അംഗീകാരം വാങ്ങിയ പ്രോജക്ടിന്റെ (നമ്പർ SO048/21) സ്പിൽ ഓവർ പ്രോജക്ടാണിത്. ഗുണഭോക്തൃ വിഹിതമിനത്തിൽ 975000/- രൂപ മുൻവർഷം കളക്ട് ചെയ്തിരുന്നു.

സബ്സിഡി മാർഗരേഖ [സ.ഉ(കൈ) നം. 22/2018/തസ്വഭവ തീയതി 14.02.2018] പ്രകാരം, ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യതൊഴിലാളിയും രജിസ്ട്രേഷനും ലൈസൻസുമുള്ള (റിയൽ ക്രാഫ്റ്റ്)പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥനുമായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ, അപേക്ഷകളിൽ വള്ളത്തിന്റെ ലൈസൻസ് സൂക്ഷിച്ചിട്ടില്ല. ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളിൽ വള്ളത്തിന്റെ രജിസ്ട്രേഷൻ രേഖകളില്ല.

I)ജോർജ്, പണ്ടകശാല, തെക്കുംമുറി

Ii)ബൈജു ക്ലീറ്റസ്, ചീലാന്തിമൂട്

Iii)ധനുജ അരുളപ്പൻ, ബത് ലഹേം

Iv)ജോസി ജോസഫ്, കൊച്ചുകിണറ്റിൻമൂട്, മാമ്പള്ളി

V)ജോസഫ്, തൈക്കൂട്ടം

2019-20 കാലയളവിൽ യാനങ്ങളുടെ ലൈസൻസ് സർട്ടിഫിക്കറ്റുകൾ വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷൻ ഓഫീസിൽ

നിന്നും ലഭ്യമല്ലായിരുന്നുവെന്നും ലൈസൻസ് റിയൽ ക്രാഫ്റ്റിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് ഗുണഭോക്താക്കൾക്ക് വല നൽകിയതെന്നും വിശദീകരിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 12/13.05.2022ന്റെ മറുപടി). അഞ്ച് ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷൻ ഓഫീസിൽ നിന്നും ലഭ്യമല്ലായിരുന്നുവെന്നും സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്തതിന്റെ TR5രസീതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയെന്നും അറിയിച്ചിട്ടുണ്ട്.

സബ്സിഡി ആനുകൂല്യങ്ങൾ നൽകുമ്പോൾ അവശ്യം വേണ്ടുന്ന രേഖകൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഇല്ല

-

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഇല്ല

-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 85750 | സ്നേഹസ്പർശം | 85750 | 0 |
| | 40000 | ക്ഷീര സമൃദ്ധി | 40000 | 0 |
| ആകെ | 125750 | | 125750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 163875 | സ്നേഹസ്പർശം | 163875 | 0 |
| | 71582 | ക്ഷീര സമൃദ്ധി | 71582 | 0 |
| ആകെ | 235457 | | 235457 | |

| | 2019-20 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 RP – 7, RP31പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2020-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 13841 | 125750 | 139591 | 125750 | 13841 | 13841 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1204484 | 235457 | 1439941 | 235457 | 1204484 | 1204484 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/2018/LSGD തീയതി.18.05.2018 | 2848869 | 482706 | -- | 2366163 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 6622111 |
| ഓഡിറ്റ് വർഷത്തെ വരവ് | 53780198 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 54661700 |
| നീക്കിയിരിപ്പ് | 5740609 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5123459 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | തുക |
|---|---|---|
| | | |
| 1-23 | ശ്രീമതി ഓമന ദേവദാസ്, സെക്രട്ടറി | 3076359 |
| 1-24 | | 879300 |
| 1-25 | | 968800 |
| 1-26 | | 199000 |
| ആകെ | | 5123459 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഓമന ദേവദാസ്, സെക്രട്ടറി | സെക്രട്ടറി, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് | TC 13/1804-3 ARRA 32 അവിട്ടം റോഡ്, മെഡിക്കൽ കോളേജ് -11 തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ |
|---|---|---|
| 2004-05 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 3 (3.1,3.5,3.6) |
| 2006-07 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 3 (3.6,3.7,3.8) |
| 2007-08 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 5 (3.11,3.16,3.17,3.18, 3.19) |
| 2008-09 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 4 (3.1,3.6,3.8,3.9) |
| 2009-10 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 6 (2.2,3.2,3.3,3.4,3.5,4.3) |
| 2010-11 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 6 (2.1,2.2,2.3,3.2,3.4,4.6) |
| 2012-13 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 11 (2.2,2.3,2.4,2.5,3.1,3.2, 3.3,3.4,3.6,3.10,3.11) |
| 2013-14 | കെഎസ്എ.റ്റി.വി.എം/ജി.പി.8 /1367/2015, 17.10.2015 | 4 (3.2,3.6,3.12,3.16) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/ 1399/2016, 03.08.2016 | 3 (2.2,3.1,3.3) |
| 2015-16 | കെ എസ്. എ/ റ്റി. വി. എം/ ജി. പി. 6/2196 /2016, 28.12.2016 | 4 (2.2,3.1,3.2,3.3) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി .8/1615/2017, 04.08.2017 | 9 (2.1,2.2,2.3,2.4,2.5, 2.10, 3.1,3.6,3.9) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/2556/18 | 33 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/491/20 | 37 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/14711/21 തീയതി 28.10.2021 | 50 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം , തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്